ലൈബ്രറി വിഭാഗം

എം. അയൂബ്

# ആധുനിക ഗ്രന്ഥശാല

വിജ്ഞാനശേഖരണത്തിന്റെയും, അവയുടെ സംരക്ഷണത്തിന്റെയും, വിതരണത്തിന്റെയും കേന്ദ്രങ്ങളാണ് ലൈബ്രറികൾ. ഗ്രാമീണ ലൈബ്രറി മുതൽ ഒരു രാജ്യത്തിന്റെ നാഷണൽ ലൈബ്രറിവരെയുള്ള ലൈബ്രറികളുടെ പരമപ്രധാനമായ ലക്ഷ്യമാണത്. ഈ ലക്ഷ്യം നിറവേറ്റണമെങ്കിൽ ശാസ്ത്രീയവീക്ഷണത്തോടെ ലൈബ്രറികൾ സംവിധാനം ചെയ്യേണ്ടതുണ്ട്.

നാമിന്ന് വൈജ്ഞാനികയുഗത്തിലാണ് (Information Age) കഴിഞ്ഞ്കൂടുന്നത്. ബ്രിട്ടനിൽ ഉടലെടുത്ത വ്യാവസായിക വിപ്ലവം വളരെ ഘടനാപരമായ മാറ്റങ്ങളാണ് നമ്മുടെ സമൂഹത്തിൽ വരുത്തിയത്. കാർഷിക മേഖലയിൽ (Agricultural sector) നിന്ന്, വ്യാവസായികമേഖലയിലേക്കും (Industrial sector) വ്യവസായിക പൂർവ്വമേഖലയിലേക്കും (Post Industrial sector) വൈജ്ഞാനികമേഖലയിലേക്കും (Information sector) ഉണ്ടായ സമൂഹത്തിന്റെ ഒഴുക്കാണ് ഒരു പ്രധാനമാറ്റം. ഇങ്ങിനെയുണ്ടായ മാറ്റങ്ങളുടെ പ്രതിഫലനം ലൈബ്രറികളിലുമുണ്ടായതായി നമുക്ക് കാണാം.

ലൈബ്രറി എന്ന ഒരാശയം ഉടലെടുക്കുന്നതിന് മുമ്പ് വ്യക്തികൾതന്നെയായിരുന്നു വിജ്ഞാന കേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്നത്. മനുഷ്യമനസ്സിന് സൂക്ഷിച്ചുവെക്കാൻ കഴിയുന്ന വിജ്ഞാനത്തിന് ഒരളവുണ്ട്. ആ അളവിൽ കൂടുതൽ വിജ്ഞാനം മനുഷ്യർ ആർജിച്ചുകഴിഞ്ഞപ്പോൾ അവ പല രൂപത്തിലും രേഖപ്പെടുത്തിവെക്കാൻ തുടങ്ങി. അങ്ങിനെയാണ് ലിപികൾ ഉടലെടുത്തത്. ലിപികളുടെ കണ്ടുപിടിത്തത്തോടെ തനിക്കറിയാവുന്ന വിവരങ്ങൾ മനുഷ്യർ കളിമണ്ണ്, മൃഗത്തൊലി, മരത്തൊലി, ഇല എന്നിവയിലും, പേപ്പറിന്റെ കണ്ടുപിടിത്തത്തോടെ പേപ്പറുകളിലും രേഖപ്പെടുത്തിവെക്കാൻ തുടങ്ങുകയും ഇവയെല്ലാം സൂക്ഷിച്ചുവെക്കാൻ കേന്ദ്രങ്ങളുണ്ടാക്കുകയും ചെയ്തു. പ്രസ്തുത കേന്ദ്രങ്ങളാണ് ലൈബ്രറികളായി രൂപപ്പെട്ടത്.



അച്ചടിയുടെ കണ്ടുപിടിത്തം വിജ്ഞാനത്തിന്റെ ജനാധിപത്യവൽക്കരണത്തെ ഏറെ സഹായിച്ചതായി മനസ്സിലാക്കാൻ കഴിയും. പുസ്തകങ്ങളുടെ നിരവധികോപ്പികൾ അച്ചടിച്ച് പുറത്തിറങ്ങിയതോടെ അറിവ് ഉന്നതരുടെ തറവാട്ട് സ്വത്തായ് നിലകൊണ്ടിരുന്ന സ്ഥിതിയാകെ മാറി. ജനങ്ങൾ പുസ്തകങ്ങൾ കൂടുതൽ ഉപയോഗിക്കാൻ തുടങ്ങുകയും അതോടെ ലൈബ്രറികളുടെ സ്വഭാവം സംഭരണത്തിൽ നിന്നും സേവനത്തിലേക്ക് മാറുകയും ചെയ്തു.

പുസ്തകങ്ങളുടെ എണ്ണപ്പെരുപ്പവും കൂടുതൽ ഉപയോഗവും കാരണം ലൈബ്രറികളുടെ നടത്തിപ്പ് ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യേണ്ടതായി വന്നു. പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പ്, വർഗ്ഗീകരണം, കാറ്റലോഗ് നിർമ്മാണം, വിതരണം തുടങ്ങി എല്ലാ കാര്യങ്ങളും ശാസ്ത്രീയമായി ചെയ്യുകയും അതിനായി പരിശീലനം ലഭിച്ച ലൈബ്രേറിയന്മാരെ നിയോഗിക്കുകയും ചെയ്തു. ഇന്ന് ലൈബ്രറി ശാസ്ത്രം വളരെയേറെ മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു വിഷയമാണ്.


ഒന്നാംലോക മഹായുദ്ധത്തിനു ശേഷം ശാസ്ത്രീയ വിജ്ഞാനമേഖ

ലയിലെ വളർച്ച ഏറെ ശ്രദ്ധേയമാണ്. അളവില്ലാത്ത നൂതന ശാസ്ത്രവിജ്ഞാനത്തിന്റെ പ്രസരണത്തിന് സാധാരണ പുസ്തക രൂപം അപര്യാപ്തമായിവരികയും ശാസ്ത്രവിഷയങ്ങളിലുള്ള ആനുകാലികങ്ങൾ (scientific journals) ഉടലെടുക്കുകയും ചെയ്തു. തുടർന്നുണ്ടായ വിജ്ഞാന വിസ്ഫോടനം (Information explosion) ലൈബ്രറികൾക്ക് മാത്രം നിയന്ത്രിക്കാൻ പറ്റാത്ത പ്രതിഭാസമായിരുന്നു. പ്രസിദ്ധീകരണ പ്രളയത്തിൽ നിന്ന് ആവശ്യമായ വിവരങ്ങൾ മാത്രം ചികഞ്ഞെടുത്ത്, ചിട്ടപ്പെടുത്തി, വളരെ വേഗത്തിൽ നല്കുന്ന സംവിധാനങ്ങൾ നിലവിൽവന്നു. ഒരു കൂട്ടം ശാസ്ത്രജ്ഞന്മാരാണ് ഇങ്ങനെയുള്ള ശാസ്ത്ര വിജ്ഞാന പ്രവർത്തനത്തിന് (Science information work) തുടക്കമിട്ടത്. പിന്നീടത് 'ഡോക്യുമെന്റേഷൻ' എന്ന പേരിലറിയപ്പെടുകയും ലൈബ്രറി ശാസ്ത്രത്തിന്റെ ഭാഗമായി മാറുകയും ചെയ്തു. സൂചികകൾ (Indexes), സംഗ്രഹങ്ങൾ (Abstracts), പരിഭാഷകൾ (Translations) തുടങ്ങിയ ഡോക്യുമെന്റേഷൻ പട്ടികകൾ തയ്യാറാക്കി വിദഗ്ദ്ധർക്ക് എത്രയും പെട്ടെന്ന് എത്തിച്ചുകൊടുക്കലാണ് ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളുടെ ലക്ഷ്യം.

ഡോക്യുമെന്റേഷൻ പട്ടികകളുടേയും പ്രസിദ്ധീകരണങ്ങളുടേയും എണ്ണം പെരുകിയപ്പോൾ വിദഗ്ദ്ധരുടെ ആവശ്യങ്ങൾ നൊടിയിടയിൽ നിറവേറ്റാൻ പറ്റാത്ത അവസ്ഥയാണുണ്ടായത്. വിദഗ്ദ്ധർക്ക് എപ്പോഴും ആവശ്യം വളരെ കൃത്യമായ, കടഞ്ഞെടുത്ത വൈജ്ഞാനിക വിവരങ്ങളാണ്. അതുതന്നെ അവരുടെ സൗകര്യാർത്ഥം തയ്യാറാക്കിയതുമായിരിക്കണം. ഇങ്ങനെ വിജ്ഞാനമേഖലയെ പ്രത്യേകതരത്തിൽ സജ്ജീകരിക്കാൻ വൈജ്ഞാനിക കേന്ദ്രങ്ങൾ (Information centres) സ്ഥാപിതമായി. വൈജ്ഞാനികകേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ പലതും ലൈബ്രറിശാസ്ത്രവുമായി ഗാഢബന്ധമുള്ളതായതിനാൽ ഇത്തരം പ്രവർത്തനങ്ങൾ ലൈബ്രറികളിൽ ആരംഭിക്കുകയും, ലൈബ്രറിശാസ്ത്രവും, വൈജ്ഞാനികശാസ്ത്രവും തമ്മിൽ ഏറെ അടുക്കുവാൻ കാരണമാവുകയും ചെയ്തു.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം വിജ്ഞാനം (Information) വിദഗ്ദ്ധർക്ക് മാത്രം ആവശ്യമായ ഒന്നല്ല. വിജ്ഞാനം ഒരമൂല്യവിഭവമാണ്. സകല മനുഷ്യരുടേയും, സമൂഹങ്ങളുടേയും പുരോഗതിക്ക് ആവശ്യമായ ഒന്നാണ് വിജ്ഞാനം. ഒരു രാഷ്ട്രത്തിന്റെ പുരോഗതി ആ രാഷ്ട്രം ഉപയോഗപ്പെടുത്തുന്ന വിജ്ഞാനത്തെ ആധാരമാക്കിയാണ്. ആധുനികയുഗത്തിൽ ഇൻഫർമേഷൻ മനുഷ്യന്റെ എല്ലാ വ്യാപാരമണ്ഡലങ്ങളിലും ഉപയോഗിക്കപ്പെടുന്നു. ഒരു വ്യക്തിയുടെ ദൈനംദിന ആവശ്യങ്ങൾക്ക് പോലും ഇൻഫർമേഷൻ ഒഴിവാക്കാൻ പറ്റാത്ത ഒന്നായിക്കഴിഞ്ഞിട്ടുണ്ട്.

ലൈബ്രറികൾ എക്കാലത്തും പുസ്തകങ്ങളുടെ കലവറയാണെന്ന് നാം കണ്ടു. ഇൻഫർമേഷൻ സേവനങ്ങളുടെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ പുസ്തകരൂപത്തിലുള്ള ഇൻഫർമേഷൻ പാക്കേജുകൾ മാത്രം സംഭരിക്കുന്ന സ്വഭാവത്തിൽ നിന്നും മാറ്റം



വേണ്ടിവന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ തൊട്ട് കോംപാക്ട് ഡിസ്കിലിറങ്ങുന്ന (CD) മൾട്ടി മീഡിയ വരെ ലൈബ്രറികളിൽ സംഭരിച്ചുതുടങ്ങി. പുസ്തകങ്ങളോടൊപ്പം ആധുനിക മാധ്യമങ്ങൾക്കും ലൈബ്രറികൾ പ്രാധാന്യം നല്കിയതോടെ പുസ്തകരൂപത്തിലുള്ളതു തന്നെ വായിക്കണമെന്ന നിർബന്ധത്തിലും ജനങ്ങൾ മാറ്റംവരുത്തി.

ഇൻഫർമേഷൻ ടെക്നോളജി ഇന്ന് ഏറെ വികാസം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. ലൈബ്രറികളും ഇൻഫർമേഷൻ ടെക്നോളജിയുടെ നേട്ടങ്ങൾ ഏറെ പ്രയോജനപ്പെടുത്തുന്നുണ്ട്. ഇൻഫർമേഷൻ ഉൽപാദിപ്പിക്കാനും, ശേഖരിക്കാനും' വിതരണം ചെയ്യാനുമുള്ള ഏതൊരു സാങ്കേതികവിദ്യയെയും ഇൻഫർമേഷൻ ടെക്നോളജി എന്ന് വിളിക്കാം. കംപ്യൂട്ടർ ടെക്നോളജി, ടെലികമ്യൂണിക്കേഷൻ ടെക്നോളജി, മൈക്രോഗ്രാഫിക് ടെക്നോളജി എന്നിവയാണ് ഇവയിൽ പ്രധാനമായി ഉപയോഗിക്കുന്ന സാങ്കേതികവിദ്യകൾ. കംപ്യൂട്ടറുകളുടെ ബൃഹത്തായ ഒരു ശൃംഖലയുടെ സഹായത്തോടെ ലോകമെങ്ങും സന്ദേശങ്ങൾ കൈമാറുന്നതിനും, ആശയവിനിമയം നടത്തുന്നതിനും, ചർച്ചകൾ നടത്തുന്നതിനും, പല വിഷയങ്ങളിലുള്ള വിജ്ഞാനസമുച്ചയവുമായി ബന്ധപ്പെടുന്നതിനും ഇന്ന് സാധ്യമാണ്. ഇത്തരത്തിലുള്ള ഒരു സാങ്കേതികവിദ്യയെയാണ് നാം 'ഇന്റർനെറ്റ്' എന്നു വിളിക്കുന്നത്.

ലൈബ്രറി ശാസ്ത്രരംഗത്തും, വിജ്ഞാന ശാസ്ത്ര സാങ്കേതികരംഗത്തും വിപ്ലവകരമായ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ലൈബ്രറികളും ഈ മാറ്റത്തിനനുസരിച്ച് ശാസ്ത്രീയവീക്ഷണത്തോടെ ആധുനികവത്കരിക്കാൻ ശ്രമിക്കേണ്ടതാണ്. വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കുറെയെല്ലാം ലൈബ്രറികൾ ഒരു മാറ്റത്തിന് നാന്ദി കുറിച്ചുകഴിഞ്ഞുവെങ്കിലും സാധാരണക്കാരുടെ വിജ്ഞാന കേന്ദ്രങ്ങളായ പബ്ലിക് ലൈബ്രറികളുടെ അവസ്ഥ വളരെ പരിതാപകരമാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ വിഭവസമാഹരണത്തിലും, വിതരണത്തിലും ഏർപ്പെടാൻ പബ്ലിക് ലൈബ്രറികൾക്കും സാധ്യമാകണം. ■

ഇംഗ്ലീഷ് വിഭാഗം
ഡോ. ടി. വി. പ്രകാശ്

# അദ്ധ്യാപനം

അദ്ധ്യാപകവൃത്തിയുടെ കുലീനതയും മഹത്വവും ഒക്കെ കേട്ടും കണ്ടുമറിഞ്ഞ് തനിക്കും ഒരദ്ധ്യാപകനാവണം - അതും ഒരു കോളേജദ്ധ്യാപകനാവണം - എന്ന് വ്രതം നോറ്റിരുന്നിട്ടാണ് അയാൾ ഒരദ്ധ്യാപകനായത്. വിജ്ഞാനത്തിൻെറ ഭാണ്ഡവുമായി ആദ്യത്തെ ക്ലാസ്സിൽ പോയി വാ തുറന്നപ്പോൾ തന്നെ അയാൾക്ക് രോമാഞ്ചമായിരുന്നു. തൻെറ നോട്ടവും നടത്തവും കണ്ട് മറ്റുള്ളവർ തന്നെ പ്രശംസിക്കുന്നുണ്ട് എന്നൊരു ബോധവും ചെറുതായി വന്നുതുടങ്ങിയിരുന്നു. തൻെറ കോളേജിൽ തന്നെപ്പോലുള്ള അനേകം പേരെ കണ്ട് വളരെ സന്തോഷം തോന്നി. താനറിയാതെ കുറേ വിജ്ഞാനശാഖകളിലേക്ക് അയാൾ ചെന്നുപെട്ടതങ്ങിനെയാണ്. രണ്ടും മൂന്നും അക്ഷരങ്ങൾ കൂട്ടിവെച്ച് വലിയ വലിയ കാര്യങ്ങൾ സൃഷ്ടിക്കാമെന്ന് അയാൾ പഠിച്ചു. അങ്ങിനെയാണ് ഡി.ഏ എന്നും എച്ച്.ആർ.ഏ എന്നുമൊക്കെ അയാൾ ഉരുവിട്ടു തുടങ്ങിയത്. പിന്നെ ഇതൊക്കെക്കൂടി കുറുക്കിയാൽ കിട്ടുന്ന ഒരു നൂലാമാല കണക്കും അയാൾ പഠിച്ചു. തന്നെക്കാൾ വിദഗ്ദ്ധർ അവിടെയുണ്ടായിരുന്നതുകൊണ്ട് ഈ കണ ക്കു കൂട്ടൽ അയാൾക്കെളുപ്പമായിരുന്നു. അപ്പോഴാണ് ഈ കണക്കൊക്കെ തെറ്റാണ് എന്ന് പറഞ്ഞു ഒരു സമരമുഖത്തേയ്ക്ക് അയാൾ വലിച്ചെറിയപ്പെട്ടത്. ഇത് മറ്റൊരു മൂന്നക്ഷരത്തിന് വേണ്ടിയുള്ള സമരമായിരുന്നു. അദ്ധ്യാപകർ എന്നും അക്ഷര സമ്പാദനത്തിന് വേണ്ടിത്തന്നെയാണ് സമരം ചെയ്യേണ്ടത് എന്ന് ഈയിടയിൽ അയാൾക്ക് മനസ്സിലായിരുന്നു. അല്പം ദിവസത്തെ ഡി.ഏ.യും എച്ച്.ആർ.ഏയും പോകട്ടെ. വരട്ടെ നമുക്ക് യു.ജി.സി!

സമരം തീർന്ന് തിരിച്ച് തൻെറ ഡിപ്പാർട്മെൻറിലേക്ക് വന്നത് ആഹ്ലാദത്തിമിർപ്പോടെയായിരുന്നു. പക്ഷേ അവിടെ അയാൾ കണ്ടത് ചില പുതിയ പ്രതിഭാസങ്ങളായിരുന്നു. അവിടെ വലിയ ഒരു ഗർത്തം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. തൻെറ കൂടെയുണ്ടായിരുന്ന പലരും ആ ഗർത്തത്തിന്നപ്പുറമാണ്. ഒരു എക്സ്ക്കവേറ്റർ ഉപയോഗിച്ച് ആ ഗർത്തം വലുതായിക്കൊണ്ടിരിക്കുകയാണ്. ആ പ്രവൃത്തിയുടെ കരാർ ആരൊക്കെയോ ഏറ്റെടുത്തിരിക്കുന്നു. അതു കഴിഞ്ഞപ്പോൾ അതിന് കുറുകെ അവർ ഒരു കമ്പി കെട്ടിയിട്ടു. സമരത്തിലെ ഒത്തുതീർപ്പനുസരിച്ച് ഗർത്തത്തിനിപ്പുറമുള്ളവർ പഠിക്കേണ്ടുന്ന ചില വിദ്യകളാണ് ഇതൊക്കെ എന്നവർ അയാളോട് പറഞ്ഞു. അപ്പുറമെത്തുക എന്നതായിരിക്കണം ഇപ്പുറം നില്ക്കുന്ന ഓരോ അദ്ധ്യാപകൻെറയും ലക്ഷ്യം. ഈ കളിക്ക് ചില നിമയമങ്ങളുണ്ട്. അപ്പുറത്ത് ഒരാൾ കുറഞ്ഞാൽ ഇവിടെ നിന്നും ഒരാൾക്ക് അങ്ങോട്ട് പോകാം. രണ്ടാമതൊരാൾ കുറഞ്ഞാൽ ഇവിടത്തെ രണ്ടാമന് പോകാം. പക്ഷെ അത് ഇതുവരെ കാണാത്ത പുറത്തുള്ള ഉദ്യോഗാർത്ഥികളുമായി മത്സരിച്ചിട്ടായിരിക്കണം: "റൊട്ടേഷൻ". ഈ മത്സരത്തിൻെറ ഗുണങ്ങ ളും ദോഷങ്ങളും അയാൾ ഉരുവിട്ട് പഠിക്കാൻ ശ്രമിച്ചു. അതുവരെ താനുംകൂടി ജോലി ചെയ്തതിൻെറ കുടിശ്ശിക മറ്റേ ഭാഗത്തുള്ളവർക്ക് മാത്രം അവകാശപ്പെട്ടതാണ്. അതാണ് അന്നുതന്നെ ആ കണക്കൊക്കെ ഒരു നൂലാമാലയാണെന്ന് പറഞ്ഞത്. താനൊഴുക്കിയ വിയർപ്പ് ഏതായാലും നീരാവിയായിപ്പോയി. ഇനിയും കിടന്ന് വിയർക്കാൻ ഇതാ പുതിയൊരു കമ്പിമേൽക്കളി?

ഈ കളിയുടെ നിയമങ്ങളും അതിൻെറ രസവുമൊക്കെ അയാൾ മനസ്സിലാക്കാൻ ശ്രമിക്കവേയാണ് അക്കരെ പോകാനുള്ള രണ്ടാമനായ തൻെറ ഊഴം വന്നത്. ശ്വാസമടക്കിപ്പിടിച്ച് തൻെറ വിജ്ഞാനത്തിൻെറ ഭാണ്ഡവും തലയിലേറ്റി അയാൾ കമ്പിയിൽ കയറി. പെട്ടെന്നാണ് എവിടെ നിന്നോ ഒരാൾ ചാടി കമ്പിയിൽ പിടിച്ചത്. ആ ചാട്ടത്തിൽ അയാൾ തെറിച്ചുപോയി. പുതിയവൻെറ കൈയ്യിലും ഒരു ഭാണ്ഡമുണ്ടായിരുന്നു. അത് കെട്ടഴിഞ്ഞു. താഴെ ഗർത്തത്തിലേക്ക് വീണു. പച്ചനോട്ടുകളുടെ ഒരു വർഷം ആ എക്സ്ക്കവേറ്ററിൻെറ 'കൈ' ഉയർന്നുവന്ന് ഏറ്റുവാങ്ങി. താഴെയുള്ളവർ അത് വീതിച്ചെടുത്തു.

ഒന്നുകൂടി സൂക്ഷിച്ചുനോക്കിയപ്പോഴാണ് മനസ്സിലായത് തന്നെ മറികടന്ന് ചാടിയവൻ തനിക്ക് പരിചയമുള്ളവനാണെന്ന്. "സാർ, ഇതു ഞാനാണ്." ഭവ്യതയോടെ, ഗുരുഭക്തിയോടെ ഒരു ചിരി. അത് തൻെറ ശിഷ്യനാണ്. ഗുരുദക്ഷിണയായി കരുതിയ ഭാണ്ഡം നേരെ താഴെ ആ ഗർത്തത്തിലേയ്ക്കാണ് ഇട്ടുകൊടുത്തത്. അദ്ധ്യാപകവൃത്തിയുടെ കുലീനതയും മഹത്വവും അയാൾ ഒന്നുകൂടി ഓർത്തു. തൻെറ ശിഷ്യനിപ്പോൾ തന്നെ മറികടന്നിരിക്കുന്നു. ഒരു ഗുരുവിന് അഭിമാനിക്കാൻ ഇതിൽപ്പരം എന്തുവേണം. ഇതാണ് ശിഷ്യസമ്പത്ത്. താഴേയ്ക്ക് പോയില്ലേ ഒരു ഭാണ്ഡം, അതുതന്നെ. അയാൾ ചൊല്ലിപ്പഠിച്ചു - ശിഷ്യസ മ്പത്ത്. താഴേയ്ക്ക് പോയില്ലേ ഒരു ഭാണ്ഡം, അതുതന്നെ. അയാൾ ചൊല്ലിപ്പഠിച്ചു - ശിഷ്യസമ്പത്ത് എന്നാൽ ശിഷ്യൻെറ സമ്പത്ത്. ഭക്തിയിലും വിഭക്തിയിലും സമാസത്തിലും ഒക്കെ വന്ന മാറ്റങ്ങൾ അയാൾക്കൊരു പുതിയ അറിവായിരുന്നു.

അങ്ങിനെ പകച്ചുനില്ക്കുമ്പോഴാണ് ഗർത്തത്തിന്നപ്പുറത്ത് നിന്ന് ആരൊക്കെയോ അലറിവിളിക്കുന്നത് കേട്ടത്. "ഇങ്ങോട്ടൊരുത്തനും വന്നുപോകരുത്. ഞങ്ങളിനി ഇവിടെ പിടിച്ചിരിക്കാൻ പോവുകയാണ്. വയസ്സായാലും ഇവിടെത്തന്നെ ഇരിക്കാനുള്ള വേലകൾ ഞങ്ങൾ ഒപ്പിച്ചെടുക്കും."

ഇനിയൊന്ന് ചാടിനോക്കാൻ എത്ര കാത്തിരിക്കണം. അയാൾ നിരാശനായി. അപ്പോഴാണ് പിന്നിൽ നിന്നും ആരോ തട്ടിവിളിച്ചത്. തൊട്ടുപിന്നിൽ വന്നു നിന്ന എക്സ്ക്കവേറ്ററിൽ നിന്നും വിടർന്ന പുഞ്ചിരിയോടെ ഒരു മാന്യദേഹം കൂപ്പുകൈയ്യുമായി ഇറങ്ങിവന്ന് സ്വയം പരിചയപ്പെടുത്തി. "ഞാനാണ്, വിദ്യാഭ്യാസനയരൂപീകരണ വിദഗ്ദ്ധൻ. ഈ കമ്പിയിൽക്കളി ഞങ്ങളൊക്കെക്കൂടിയാണ് ആസൂത്രണം ചെ യ്തത്. വിദഗ്ദ്ധന് അദ്ധ്യാപകൻെറ മുഖത്തെ വിഷാദത്തിൻെറ പൊരുൾ പിടി

കിട്ടി. അയാൾ പറഞ്ഞു. "അപ്പുറ ത്തുള്ളവരെന്തും പറഞ്ഞോട്ടെ. നിങ്ങൾ ഒരു വിധത്തിലും ദുഃഖിക്കേണ്ട ആവശ്യമില്ല. പേരിൽ മാത്രമേ നിങ്ങൾ തമ്മിൽ വ്യത്യാസമുള്ളൂ. ഒരു സൗകര്യത്തിന് വേണ്ടി മാത്രമാണ് അവരെ ഞങ്ങൾ 'സ്കീമന്മാർ' എന്നും നിങ്ങളെ 'സ്ക്കെയിലന്മാർ' എന്നും വിളിയ്ക്കുന്നത്. ഇനിയൊരു സത്യം പറയാം. 'ഡോളി'യെന്ന ചെമ്മരിയാടിനെ ക്ലോണിങ്ങിലൂടെ സൃഷ്ടിക്കുന്നതിനും, മനുഷ്യരിൽ ക്ലോണിങ്ങ് പരീക്ഷിക്കരുത് എന്നുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനും എത്രയോ മുമ്പ് ലോകത്ത് ആദ്യമായി ഞങ്ങളാണ് ക്ലോണിങ്ങ് നടത്തി വിജയിച്ചത്. ലോകത്തിലെ ആദ്യത്തെ ക്ലോൺ നിങ്ങളാണ്!!"

അദ്ധ്യാപകൻ ഞെട്ടി.

"സ്കീമന്മാരിൽനിന്നാണ് ഞങ്ങൾ നിങ്ങളെ സൃഷ്ടിച്ചെടുത്തത്. യോഗ്യതകളൊക്കെ നിങ്ങൾക്കൊന്നുതന്നെയല്ലേ. പിന്നെ ശമ്പളവും ഒന്നുതന്നെ. പിന്നെ ശമ്പളക്കുടിശ്ശികയുടെ പേരിൽ നിങ്ങൾക്ക് അരലക്ഷമോ ഒരു ലക്ഷമോ ഒക്കെ നഷ്ടപ്പെട്ടിട്ടുണ്ടാകാം. അതൊരു നഷ്ടമായി കരുതേ ണ്ട. നിങ്ങളെ കൂടുതൽ ഊർജ്ജസ്വലരാക്കാൻ വേണ്ടി ഇനിയും എത്ര പദ്ധതികളുണ്ടെന്നോ. അതിൽ ചിലപ്പോൾ ചിലതൊക്കെ ത്യജിക്കേണ്ടിവന്നേക്കാം."

ത്യാഗം. അതെ. അദ്ധ്യാപകൻ എന്നും എല്ലാവർക്കും ഒരു മാതൃകയാകണമല്ലോ. അയാൾ ആ ആശയം ഉൾക്കൊള്ളാൻ ശ്രമിച്ചു.

"ഇനി ഈ കമ്പിമേൽക്കളി നിങ്ങൾക്ക് ശരിയാവില്ല. നോക്കൂ."

വിദഗ്ദ്ധൻ തിരിഞ്ഞുനിന്ന് വിദൂരതയിലേക്ക് കൈ ചൂണ്ടിക്കൊണ്ട് പറഞ്ഞു.

"അതാ അതാണ് നിങ്ങളുടെ പുതിയ കളരി. അതും ഒരു സരസ്വതീക്ഷേത്രമാണ്. കോളേജിനേക്കാൾ അല്പം താഴെയാകുമെന്ന് മാത്രം. ഇതും ത്യാഗശീലം പഠിപ്പിക്കാനുള്ള മറ്റൊരു മാർഗ്ഗമാണ്. ഈ എക്സ്ക്കവേറ്റർ നിങ്ങളെ തൂക്കിയെടുത്ത് അവിടേയ്ക്കെത്തിക്കും. ഈ എക്സ്ക്കവേറ്ററിൻെറ വരവ് ഒരനുഗ്രഹമാണ്. ഞങ്ങളെല്ലാവരും ഓരോന്ന് സ്വന്തമായി വാങ്ങിച്ചു. എവിടെ എപ്പോൾ വേ ണമെങ്കിലും കുഴിക്കാം. ഇപ്പോൾ പുറം ചൊറിയൻപോലും ഞങ്ങൾ ഇവനെയാണ് ഉപയോഗിക്കുന്നത്. പിന്നെ ഓരോരുത്തർ വന്ന് ഞങ്ങളെ തെറി വിളിക്കുമ്പോൾ ഞങ്ങൾക്കിങ്ങിനെ ചൊറിഞ്ഞുകയറും. ഇവൻെറ ഒരു തലോടൽ മതി. സർവ്വ ചൊറിയും മാറിക്കിട്ടും. ഇവൻ ജോലിചെയ്യുന്നത് നോക്കിനില്ക്കാൻ തന്നെ ഒരു രസമാണ്."

അദ്ധ്യാപകൻ കൗതുകത്തോടെ, ആരാധനയോടെ എക്സ്ക്കവേറ്ററിനെ അടിമുടി നോക്കി. വിദഗ്ദ്ധൻ തുടർന്നു:

"പുതിയ കളരിയിൽ നിങ്ങളെയെത്തിച്ചുകഴിഞ്ഞാൽ ഞങ്ങൾ ഇവിടെ പുതിയൊരു ഗർത്തമുണ്ടാക്കും."

ആ ഗർത്തത്തിൽ ഇനി വന്നുവീഴാൻ പോകുന്ന നോട്ടുകെട്ടുകളുടെ ഭാണ്ഡങ്ങളെയോർത്തു. ആ മഹാനുഭാവൻ ഒന്നൂറിച്ചിരിച്ചു.

"അതിന്ശേഷം ഇവിടെനിന്നും ഒരു പുതിയ കമ്പി പുതിയ കളരിയിലേക്ക് നേരിട്ട് കെട്ടിത്തരും. നിങ്ങളെ അവിടെ എത്തിക്കുന്നതിന് ഞങ്ങൾ പറയുന്നത് 'ഡീലിങ്കിങ്ങ്' എന്നാണ്. അതും ഒരു പേരുമാത്രമാണ്. സത്യ ത്തിൽ ഒരു ഡീലിങ്കിങ്ങുമില്ല. നിങ്ങളുടെ അരയിൽ 'ലീൻ' എന്നുപേരുള്ള ഒരു കയർ കെട്ടി അത് ഞങ്ങൾ പുതിയ കമ്പിയിൽ കെട്ടിയിടും. കമ്പിയുമായുള്ള ബന്ധം എന്നും നിങ്ങൾക്കുണ്ടെന്ന് ഉറപ്പുവരുത്താനാണത്."

നിഷ്കളങ്കതയോടെ വീട്ടുമുറ്റത്ത് ഓടിനടന്ന തൻെറ കുട്ടിക്കാലം അദ്ധ്യാപകർ ഓർത്തു. അന്ന് കുറവന്മാർ അരയിൽ കെട്ടിയെഴുന്നള്ളിച്ച കുട്ടിക്കുരങ്ങന്മാരുടെ ചിത്രം മനസ്സിലൂടെ കടന്നുപോയപ്പോൾ അയാളറിയാതെ പുഞ്ചിരിച്ചുപോയി. ആ പുഞ്ചിരി കണ്ട് ആവേശത്തോടെ വിദഗ്ദ്ധൻ പറഞ്ഞു.

"പിന്നെ സ്കീമന്മാർ ആരെങ്കിലും പോയാൽ ഈ രണ്ട് ഗർത്തങ്ങളും ഒരടിയ്ക്ക് ചാടിക്കടന്നും നിങ്ങൾക്ക് അവരുടെ സ്ഥാനം പിടിക്കാം."

അദ്ധ്യാപകൻ വളരെ പ്രകടമായ രീതിയിൽ തന്നെ ഒന്നു ഞെട്ടി. നേരത്തെ തന്നെ മറികടന്നുള്ള തൻെറ ശിഷ്യൻെറ ചാട്ടം അയാൾ ഓർത്തുപോയി. കാര്യം പിടികിട്ടിയ വിദഗ്ദ്ധൻ പറഞ്ഞു.

"ശിഷ്യൻെറ ചാട്ടമാണോ? വെറും ക്ലോണുകളായി കണ്ണാടിക്കൂട്ടിലിരിക്കാതിരിക്കാനാണ് ഈ അഭ്യാസങ്ങളൊക്കെ നിങ്ങളെക്കൊണ്ട് ഞങ്ങൾ ചെയ്യിക്കുന്നത്."

അയാൾ തൻെറ ബേഗിൽ നിന്നും ഒരു കെട്ട് കടലാസ്സെടുത്ത് കാണിച്ചു പറഞ്ഞു.

"ഇതൊക്കെ നിങ്ങൾക്കുള്ള അഭ്യാസങ്ങളുടെ നിർദ്ദേശങ്ങളാണ്. ഞങ്ങളും ഞങ്ങൾക്കു മുമ്പുള്ളവരും ഒക്കെക്കൂടി അനേകകാലം ഗവേഷണം നടത്തിയിട്ടാണ് ഇതൊക്കെ ഉണ്ടാക്കിയെടുത്തത്. ഇനിയും എത്ര വേണമെങ്കിലും ഇതുപോലെ നമുക്കുണ്ടാക്കാം. ഏറ്റവുമവസാനമായി ഒരു വിഭാഗത്തെക്കൂടി ഞങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞു. നിങ്ങൾക്കും താഴെ. അവർ വെറും 'ഗസ്റ്റുകൾ' മാത്രമാണ്. അവർക്ക് ഈ കമ്പിയുമായി ഒരു ബന്ധവുമുണ്ടാവില്ല. ഒഴിവുള്ളിടത്തൊക്കെ അവരെ ഉപയോഗപ്പെടുത്താം. എന്നാലും നിങ്ങൾക്കു വേണ്ടി മാത്രം ആസൂത്രണം ചെയ്ത ഈ കമ്പിയിൽക്കളിയും റൊട്ടേഷനും ഒന്നും ഞങ്ങൾ മാറ്റാൻ പോകുന്നില്ല. കാരണം, കുറേ കൊല്ലം ഒരു കസേരയിൽ തന്നെയിരുന്ന് നിങ്ങൾക്ക് മടുക്കുമല്ലോ. അപ്പോൾ ഒന്ന് ഫ്രഷ് ആവാൻ വേണ്ടി അതേ ഡിപ്പാർട്ടുമെൻറിൽ ഒന്നുകൂടി പുറമേയുള്ളവരുടെ കൂടെ മത്സരിച്ച്, വല്ലവരും പണം ചോദിച്ചാൽ ഇതുവരെ നിങ്ങൾ സമ്പാദിച്ചതൊക്കെ എഴുതിക്കൊടുത്ത് ഒരു കൊച്ചുകുട്ടപ്പനായി നിങ്ങളിരുന്നിരുന്ന അതേ കസാരയിൽ ഒന്നുകൂടി അമർന്നിരിക്കാമല്ലോ. ഒരു പത്ത് റിഫ്രഷർ കോഴ്സെങ്കിലും ഒരൊറ്റയടിക്ക് കഴിഞ്ഞ സുഖമായിരിക്കും. ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ ഞങ്ങളിങ്ങിനെ എന്തൊക്കെ കണ്ടുപിടിച്ചിട്ടുണ്ടെന്നറിയാമോ നിങ്ങൾക്ക്?

വിദഗ്ദ്ധൻ പറഞ്ഞു:

"ഒന്നും പേടിക്കേണ്ട. ധൈര്യമായി പോയിക്കോളൂ. പിന്നെ അടുത്ത ശമ്പളക്കമ്മീഷൻ വന്നാൽ നിങ്ങൾക്കിപ്പോൾ കിട്ടുന്നതൊന്നും ഞങ്ങൾ കുറക്കില്ല. സ്കീമന്മാർക്ക് ഞങ്ങൾ കുറേയങ്ങോട്ട് കൂട്ടിക്കൊടുത്തേയ്ക്കും. അതും നിങ്ങൾക്ക് വേണ്ടിയാണ്. അവിടെയുള്ള ആനുകൂല്യങ്ങൾ കണ്ടാലേ നിങ്ങൾക്ക് അവിടെയെത്താനുള്ള ആഗ്രഹം അടിയ്ക്കടി വർദ്ധിക്കൂ.

അദ്ധ്യാപകൻ അതുവരെ പഠിച്ച പാഠങ്ങൾ ഒന്നൊന്നായി മനഃപ്പാഠമാക്കി.

ചുറ്റും ഒരാരവമുയർന്നപ്പോഴാണ് ആദ്ധ്യാനത്തിൽ നിന്നും അയാൾ ഉണർന്നത്. ലക്ഷങ്ങൾ അവിടെ തടിച്ചുകൂടിയിരുന്നു. തൻെറ പ്രിയപ്പെട്ടവരും, ഉന്നതന്മാരും, സ്കീമന്മാരും, ശിഷ്യന്മാരും ഒക്കെ..... ഒക്കെ...... വിദഗ്ദ്ധൻ. എക്സ്ക്കവേറ്ററിൻെറ 'കൈയ്യിൽ' മേലോട്ടുയർന്നു. കടലാസ്സുകെട്ടുകളിൽ നിന്ന് ഒന്ന് തിരഞ്ഞെടുത്ത് അത് നിവർത്തിപ്പിടിച്ച് കാണിച്ച് അദ്ധ്യാപകനെ മുകളിലേക്ക് ക്ഷണിച്ചു. ഇതുവരെ താൻ പഠിച്ച അഭ്യാസങ്ങളുടെയൊക്കെ ശക്തി സംഭരിച്ച് കൊണ്ട് അയാൾ മുകളിലേക്ക് ചാടി. ചുറ്റും കൈയ്യടിയും ആരവവും ഉയർന്നു.

തൻെറ ചുറ്റുമുള്ള ഉത്തരവുകളുടെ വൈരുദ്ധ്യങ്ങളെക്കുറിച്ച് അയാളോർത്തു.

ഡീലിങ്കിങ്ങ് വരുന്നതുകൊണ്ട് മൂന്നു കൊല്ലത്തേക്ക് പുതിയ നിയമനങ്ങൾ തടഞ്ഞിരിയ്ക്കുന്നു. ആവശ്യമുള്ള സ്ഥലങ്ങളിൽ ഗസ്റ്റ്കളെ നിയമിക്കാം. എന്നിട്ടും 'റൊട്ടേഷൻ' റദ്ദാക്കിയിട്ടില്ല എന്നതിൻെറ പേരിൽ പുറമേ നിന്ന് ആൾക്കാർ സ്കെയിലന്മാരെ ചവുട്ടിത്താഴ്ത്തിക്കൊണ്ട് സ്കീമിലേക്ക് കയറുന്നു. പിന്നെ ഡീലിങ്കിങ്ങ് വരാൻ പോകുന്നതുകൊണ്ട് സ്കെയിലന്മാർ ഇപ്പോഴും കമ്പിയിൽ തന്നെ. അദ്ധ്യാപകൻ അങ്ങിനെ മേലോട്ട് മേലോട്ട് ഉയർന്നുകൊണ്ടിരിക്കുകയാണ്. ▪

ഗോപാലകൃഷ്ണൻ, വിജയലക്ഷ്മി

# ജീവിതാധിഷ്ഠിത വിദ്യാഭ്യാസം

**ഇതൊരു ബദൽ രേഖയാണ്. നടമാടുകയും കൊണ്ടാടുകയും ചെയ്യുന്ന വിദ്യാഭ്യാസത്തെ അടിമുടി മാറ്റി മറിക്കാൻ വെമ്പുന്നവരുടെ സ്വപ്നരേഖ. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ നഖശിഖാന്തം എതിർക്കുന്നവരാണ് പാലക്കാട് ജില്ലയിലെ അഗളിയിൽ ഒരു ബദൽ വിദ്യാഭ്യാസ കേന്ദ്രമായി വളർത്തിയ 'സാരംഗി'ൻെറ സംഘാടകരായ ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും. സമൂഹത്തിൻെറ തന്നെ ഇഷ്ടാനിഷ്ടങ്ങൾ പടച്ചുവിടുന്നതിന് പ്രത്യേകം തയ്യാർ ചെയ്തിട്ടുള്ള വിപരീത വിദ്യാഭ്യാസ പദ്ധതിയാണ് ശുഷ്കാന്തിയോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് ഇവർ വാദിക്കുന്നു. ഇവർ എതിരേപറയുന്നവരായി മുദ്രകുത്തിയേക്കാം. പക്ഷേ, നാളേക്ക് വെളിച്ചം മിന്നിക്കുന്നവരല്ലെന്നാരറിഞ്ഞു? നടപ്പിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിനൊരു തിരുത്തൽ പ്രമാണം.**

നാമിന്നു പിന്തുടരുന്ന വിപരീത വിദ്യാഭ്യാസം മൊത്തം സമൂഹത്തെയും വിപരീത ദിശയിലേയ്ക്കാണു കൊണ്ടു പോവുന്നത്. കടമില്ലാതെ ജീവിക്കാൻ കൊതിക്കുന്നവനെ കടക്കെണിയിലമർത്തും. സത്യവാനായവനെ കള്ളനാക്കും. ഗവേഷകനെ ഗവേഷണത്തൊഴിലാളിയാക്കും. അദ്ധ്വാനിക്കുന്നവനെ കുഴിമടിയനാക്കും. അതാണു വിപരീത വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. അവരതു നേടുകയും ചെയ്യുന്നുണ്ട്.

സമൂഹ വിദ്യാഭ്യാസത്തിൻെറ ഒരു രംഗം മാത്രമാണ് വിദ്യാലയ വിദ്യാഭ്യാസം. ഇവിടെ സമൂഹത്തിനു കിട്ടുന്നത് വിപരീത വിദ്യാഭ്യാസമാണ്. അതുകൊണ്ടു തന്നെ വിദ്യാലയ വിദ്യാഭ്യാസവും വിപരീതമായിരിക്കും. വിപരീത വിദ്യാഭ്യാസം കിട്ടുന്ന ഒരു വ്യക്തിയുടെയും വ്യക്തിത്വത്തിന് തനിമയും തെളിമയുമുണ്ടാവില്ല. അത് വികലവും അവ്യക്തവുമായിരിക്കും.

തീർച്ചയായും വിദ്യാഭ്യാസമെന്നു പറഞ്ഞു നാമിന്നു നടത്തുന്ന അഭ്യാസം വിദ്യാർത്ഥികളുടെ സ്വതന്ത്രമായ വ്യക്തിത്വ വികസനം അസാദ്ധ്യമാക്കുന്നു. കൂടാ



തെ വികലമായ വ്യക്തിത്വത്തിൻെറ ഉടമകളുമാക്കുന്നു.

പരമാവധി വികലമായ വ്യക്തിത്വവുമായാണ് വിദ്യാർത്ഥികളായ ഇളം തലമുറ വളർന്നു വരുന്നത്. അവരാണ് സമൂഹത്തിൻെറ നിർണ്ണായക സ്ഥാനങ്ങളിലേയ്ക്കെത്തിപ്പെടുന്നത്. സമൂഹത്തിൻെറ ബാക്കി അംഗങ്ങൾക്കും ഈ വിപരീത വിദ്യാഭ്യാസം കിട്ടുന്നതുകൊണ്ട് ഒരു വിപരീത മൂല്യ സങ്കൽപ്പവും നാം വളർത്തിയെടുക്കുന്നുണ്ട്.

ബലാൽ സംഗങ്ങൾ, കൊലപാതകങ്ങൾ, മദ്യപാനം, ധൂമപാനം, ബന്ദ്, റാഗിംഗ്, കൈക്കൂലി, അഴിമതി, സംഘടന കൊണ്ടു ശക്തരായി ശക്തി തെളിയിക്കാനുള്ള ഗുണ്ടായിസം, കാലുനക്കൽ, കാലുവാരൽ തുടങ്ങി സമൂഹത്തിൽ വളരെ വിരളമായി നടന്നിരുന്ന കാര്യങ്ങൾ ഇന്നു സർവ്വസാധാരണമായിരിക്കുന്നതിൻെറ കാരണം മറ്റൊന്നല്ല.

നശിപ്പിച്ചാലും നശിക്കാത്ത ചില തീക്കുരുന്നുകളുണ്ട്. സ്വതന്ത്രമായ വ്യക്തിവികാസത്തിലൂടെ വളർന്നു വലുതായി സമൂഹത്തിൻെറ കാവൽ ഭടന്മാരായി നിലയുറപ്പിക്കുന്നവർ. അവർ പക്ഷേ, കാലത്തിൻെറ സംഭാവനയാണ്. ഏതു വിദ്യാഭ്യാസം നിലനിന്നാലുമില്ലെങ്കിലും അത്തരക്കാരെന്നുമുണ്ടാകുന്നുണ്ട്. എണ്ണത്തിൽ തുച്ഛരമെങ്കിലും ബുദ്ധി വൈഭവത്തിലും പ്രയോഗപരതയിലും അഗ്രഗണ്യരായിരിക്കുമിവർ.

'ഭാരതം എൻെറ നാടാണ്'-എന്ന് എന്നും പിറുപിറുത്തു പഠിക്കുന്ന നമ്മൾ മനസ്സിലൊരു മഹാഭാരതത്തിൻെറ സ്വപ്നവും പേറിയാണല്ലോ നടപ്പ്.

പക്ഷേ, ഹിന്ദു ഭാരതീയൻെറ സ്വപ്നം ഹിന്ദു സ്വപ്നമാണെന്നും അവൻെറ രാജ്യം ഹിന്ദു രാജ്യമാണെന്നും അവനറിയുന്നില്ല.

ക്രിസ്ത്യാനി ഭാരതീയന് ക്രിസ്ത്യാനി സ്വപ്നവും ക്രൈസ്തവരാജ്യവും മുസ്ലിം ഭാരതീയന് മുസ്ലിം സ്വപ്നവും മുസ്ലിം രാജ്യവുമാണല്ലൊ ഉള്ളത്. ഇങ്ങനെ എത്രയെത്ര തരം ഭാരതീയർ!

എന്തെല്ലാം വങ്കത്തരങ്ങളാണ് നാം പിറുപിറുത്തു വശമാക്കുന്നത്!

എല്ലാ ഭാരതീയനും എന്റെ സഹോദരി സഹോദരങ്ങളാണത്രെ. അമ്പലത്തിനും പള്ളിക്കും പാർട്ടിക്കും രക്തസാക്ഷികളാകാൻ നൊയമ്പു നോറ്റു നടക്കുന്ന നമ്മളൊക്കെ സഹോദരീസഹോദരങ്ങളാണത്രെ.

ദൈവത്തിന് ഭൂമിയിലൊരിടം കണ്ടെത്താൻ ദൈവത്തിന് പട്ടയം കൊടുത്ത് ഒരു വീടും പാസ്സാക്കിക്കൊടുക്കാൻ കഷ്ടപ്പെടുന്ന നമ്മൾ മുഴുവൻ ഭാരതീയരാണത്രേ.

നാനാത്വത്തിൽ ഏകത്വം കണ്ടെത്താൻ കച്ചകെട്ടി ഇറങ്ങിയ നമ്മൾ നാനാത്വത്തിലെ വൈജാത്യങ്ങൾ തിരിച്ചറിഞ്ഞേ പറ്റൂ. എന്നിട്ടു വേണം ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ, സാംസ്കാരികമായ ഘടകങ്ങൾ, പാരമ്പര്യം, മാതൃഭാഷ എന്നിവയെ അടിക്കല്ലാക്കി കരിക്കുലം മെനയാൻ അല്ലെങ്കിൽ വെളുക്കാൻ തേച്ചതു പാണ്ഡാകും. അയൽ സംസ്ഥാനങ്ങൾ അയൽ രാജ്യങ്ങളെപ്പോലെയും മറ്റു ചിലപ്പോൾ ശത്രുരാജ്യങ്ങളെപ്പോലെയും പെരുമാറാറുണ്ടല്ലോ. പ്രാദേശികമായ എല്ലാ പ്രത്യേകതകളുമടങ്ങുന്ന പാഠ്യപദ്ധതി തന്നെയാണ് വിദ്യാഭ്യാസത്തിന്റെ എല്ലാതട്ടിലും നടപ്പിലാക്കേണ്ടത്. പക്ഷേ, സൂക്ഷിച്ചു വേണമെന്നു മാത്രം.


പഠന വിഷയങ്ങൾ ജീവിത സാഹചര്യങ്ങളോടു എത്രത്തോളം 'പൊരുത്തപ്പെട്ടു കിടക്കുന്നു' എന്നതിനുപകരം 'ബന്ധപ്പെട്ടു കിടക്കുന്നു' എന്നാക്കേണ്ടതുണ്ട്. കാരണം പഠന വിഷയങ്ങൾ ജീവിത സാഹചര്യങ്ങളിൽ നിന്നു തന്നെയാണു കണ്ടെത്തേണ്ടത്. എങ്കിൽ മാത്രമേ വിദ്യാഭ്യാസം ജീവിതാഭ്യാസമാവൂ; ജീവിതാധിഷ്ഠിതമാവൂ.

നമ്മുടെ മക്കൾക്കു കൊടുക്കേണ്ട ജീവിത പരിശീലനത്തിന്റെ കരുക്കൾ യഥാർത്ഥ ജീവിത സാഹചര്യത്തിൽ നിന്നു തന്നെ കണ്ടെത്തിക്കൊടുക്കണം. അല്ലാത്തൊരു 'വിദ്യാഭ്യാസം' ഇവിടെ അരങ്ങു തകർത്താടുന്നതു കൊണ്ടാണ് അശരണരും, ആലംബഹീനരും, ആത്മഹത്യാ പ്രവണതയുള്ളവരും അക്രമികളും അഴിഞ്ഞാട്ടക്കാരും സമൂഹത്തിൽ പെരുകിപ്പെരുകി വരുന്നത്.

ഒരു രാജ്യം എന്തിനാണൊരു വിദ്യാഭ്യാസ നയം രൂപപ്പെടുത്തുന്നത്? ആ രാഷ്ട്രത്തിന്റെ ഒരംശമാണു താനെന്ന ബോധം വരും തലമുറയ്ക്കുണ്ടാകാൻ ആ അടിത്തറയിൽ നിന്നുമുണ്ടാവുന്ന മൂല്യബോധത്തിൽ നിന്നും രാഷ്ട്രത്തിന്റെ ഭാവി നയങ്ങൾ രൂപപ്പെടുത്താൻ. സ്വന്തം പാരമ്പര്യങ്ങളുടെ പിന്തുടർച്ചയായ സംസ്കാരം, വിവിധ ശാസ്ത്ര ശാഖകൾ, സാങ്കേതിക വിദ്യകൾ തുടങ്ങിയവയ്ക്കെല്ലാം പുതിയ പുതിയ കാഴ്ചപ്പാടുകളുണ്ടാക്കാൻ.

ഭാരതീയന് ഭാരതീയന്റെ കാഴ്ചപ്പാടുണ്ടാക്കാൻ പാക്കിസ്ഥാനിക്ക് പാക്കിസ്ഥാനിയുടെ കാഴ്ചപ്പാടുണ്ടാക്കാൻ-സായ്പിനും, മംഗോളിയനും, നീഗ്രോയ്ക്കും അവരവരുടെ രാഷ്ട്രങ്ങളുടെ കാഴ്ചപ്പാടുണ്ടാക്കിയെടുക്കാൻ-അത് ലോകസമക്ഷം കാഴ്ചവയ്ക്കാൻ അനുകരണീയമെങ്കിൽ ലോക ജനതയ്ക്ക് ഉൾക്കൊള്ളാൻ, ആദരിക്കാൻ.
പക്ഷേ അത്തരമൊരു വിദ്യാഭ്യാസം നമുക്കില്ലാതെ പോയല്ലോ.

ഇന്നു വിദ്യാഭ്യാസമെന്നു പറഞ്ഞു നാം നടപ്പിലാക്കുന്നത് വെറുമൊരു സാക്ഷരതാ പരിപാടിയാണെങ്കിൽ നാമറി



യണം യഥാർത്ഥ വിദ്യാഭ്യാസം ഒരാനയാണെങ്കിൽ അതിന്റെ വാലിലെ ഒരു രോമത്തിന്റെ നൂറിലൊരംശം വരുന്ന ഭാഗം പോലും ഇന്നു നാം നടപ്പിലാക്കുന്ന വിദ്യാഭ്യാസ പരിപാടിക്കു കൽപിച്ചുകൊടുക്കാനാവില്ല.

കുട്ടികൾ പഠിച്ചു കയറേണ്ടത് പക്വതയിലേക്കായിരിക്കണം. പൂവിരിഞ്ഞ് കായായി ഫലമായി വിത്തായി മാറുന്നതു പോലുള്ളൊരു വളർച്ച അതിനുണ്ടാവണം. അത്തരത്തിലൊരു ലക്ഷ്യബോധവും വിദ്യാഭ്യാസപ്രക്രിയയിൽ നിലനിൽക്കണം.

ഓരോ പ്രദേശത്തിന്റെയും നാളത്തെ ആവശ്യങ്ങളായിരിക്കണം ഇന്നത്തെ പാഠ്യപദ്ധതിയിലെ വിഷയങ്ങളായി വരേണ്ടത്. ഇന്നു കൂടി വെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിലെ കുഞ്ഞുങ്ങൾ വളർന്നു വരുമ്പോൾ എന്തു ചെയ്യും? തൊഴിലില്ലായ്മ രൂക്ഷമായ ഇന്നത്തെ സാഹചര്യങ്ങളിൽ വളരുന്ന പുതുതലമുറ തൊഴിലിനായി എന്തു ചെയ്യും? മൂല്യബോധവും കാര്യശേഷിയുമില്ലാത്ത നേതാക്കളെക്കൊണ്ടു വലയുന്ന നമ്മുടെ നാടിന്റെ ഭാവി എങ്ങനെ സുരക്ഷിതമാക്കാം. ഇങ്ങനെ ഇന്നത്തെ ഇളം തലമുറ നാളെ അഭിമുഖീകരിക്കേണ്ട നൂറുകണക്കിനു പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താനുള്ള വഴികളായിരിക്കണം നമ്മുടെ പാഠ്യപദ്ധതിയുടെ കാതൽ.

നമ്മുടെ നേതാക്കന്മാരുണ്ടായി വരുന്നതെങ്ങിനെയെന്നു നോക്കുക. വൈദ്യന്മാരും, ശാസ്ത്രജ്ഞരും, അദ്ധ്യാപകരും എങ്ങിനെയാണുണ്ടാവുന്നതെന്നു നോക്കുക.

എട്ടും പൊട്ടും തിരിയാത്ത കാലത്തു കല്യാണം കഴിച്ചു. അക്കാലത്തു തന്നെ കുട്ടികളുമുണ്ടായി. അവർ 'അച്ഛാ' എന്നു വിളിച്ചു, അല്ലെങ്കിൽ 'അമ്മേ' എന്നു വിളിച്ചു. അതുകൊണ്ട് ഒരാൾ അച്ഛനായി, അല്ലെങ്കിൽ അമ്മയായി. സാങ്കേതികമായി അതു ശരിയായിരിക്കാം. പക്ഷേ ഗുണപരമായി അതൊരു വമ്പൻ തെറ്റായി ശേഷിക്കും.

സമൂഹത്തെ നയിക്കേണ്ടവർക്ക് സാമൂഹ്യബോധമില്ല, ലക്ഷ്യബോധമില്ല, മൂല്യബോധമില്ല. 'ചെന്നതും കോലെ പതിനാറ്' എന്ന മട്ടിലാണ് കാര്യങ്ങൾ നടത്തുന്നത്.

സമയ ബന്ധിതമായ ഒരാസൂത്രണ വിദ്യ നമുക്കുണ്ടോ? ചൊട്ടയിൽ പരിശീലിക്കാത്ത ആ ചിട്ടവട്ടങ്ങൾ ചുടലയിൽ ചെല്ലുംവരെ നമ്മെ ശല്യം ചെയ്യുന്നു. നമുക്കു സ്വന്തമായ ആസൂത്രണമില്ലാത്തതുകൊണ്ട് അയൽക്കാരന്റെ തോന്ന്യാസത്തിലാണ് കാര്യങ്ങളോടുന്നതെന്നും നമ്മളറിയണം.

ഇന്നു നിലനിൽക്കുന്ന സാക്ഷരതാ പരിപാടിയെന്ന വിദ്യാഭ്യാസത്തേക്കാൾ മെച്ചമായിരിക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസമെന്നു പൊതുവെയൊരു ധാരണ. വിദ്യാഭ്യാസമെന്നാൽ ജീവിതാഭ്യാസമാണ്. ജീവിക്കാനാവശ്യമായ സകലകാര്യങ്ങളുടെയും പരിശീലനം അതിലുൾപ്പെടണം. അതു സമഗ്രമായ ജീവിതദർശനത്തിന്റെ ചെറു പതിപ്പായിരിക്കണം.

തൊഴിൽ കിട്ടിയാൽ പണം കിട്ടും; പണം കിട്ടിയാൽ എല്ലാം കിട്ടിക്കോളും എന്ന പുതിയ മൂല്യബോധമാണ് തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് അമിത പ്രാധാന്യം കിട്ടുവാനുള്ള ഒരു കാരണം.

പണം ദൈവത്തേക്കാൾ വളർന്നിരിക്കുന്നു. സകല മാനുഷീക മൂല്യങ്ങൾക്കുമുയരെ, സകല ചരാചരങ്ങൾക്കുമുയരെ അതു വളർന്നു പടർന്നു നിൽക്കുന്നു. സൃഷ്ടി, സ്ഥിതി സംഹാരകാരകനായ ജഗത്ശക്തിയായി അതു മാനം മുട്ടി നിൽക്കുന്നു.

അതുകൊണ്ട് പണം നേടാനാണു സകലരുടെയും തത്രപ്പാട്. ആ തത്രപ്പാടിൽ സകലമൂല്യങ്ങളും കടപുഴകി വീഴുന്നു.

കൈക്കൂലി വാങ്ങാം, കള്ളനോട്ടടിക്കാം, കക്കാം, കവർച്ച ചെയ്യാം, കള്ള വോട്ടു ചെയ്യാം, കള്ളച്ചരായം വാറ്റാം, കഞ്ചാവു വളർത്താം, വ്യഭിചരിക്കാം അങ്ങിനെയങ്ങിനെ എങ്ങനെയെങ്കിലും പണം നേടി സമൂഹത്തിലെ കസേരകൾ വിലയ്ക്കു വാങ്ങാം. അതാണിന്നത്തെ സമൂഹത്തിന്റെ ഇന്നത്തെ സ്ഥിതി.

പ്രൊഫഷനൽ കോഴ്സുകൾ കൊണ്ട് പണമോഹികളായ കുറെ തൊഴിലാളിപ്പരിഷകളെ പടച്ചിറക്കാം, അവരുടെ വില പേശലിൽ പാവങ്ങളുടെ നാണവും മാനവും വിൽക്കാം. പ്രൊഫഷണൽ കോഴ്സുകളിൽ കൂടി കടന്നു പോകുന്ന മനസ്സുകൾ മരവിച്ചു മനസ്സാക്ഷിയറ്റവരും, സർഗവാസനകളെ വന്ധ്യംകരിച്ചവരുമായിത്തീരുന്നു. ജീവിതത്തെ ഭാഗികമായി കാണുന്നവരും തന്റെ വീഴ്ചകളിൽ ന്യായീകരണം കണ്ടെത്താൻ സാമർത്ഥ്യമുള്ളവരുമായിത്തീരുന്നു.

ആവർത്തിച്ചു പറയേണ്ട ഒരേയൊരു കാര്യമുണ്ട്.

വിദ്യാഭ്യാസമെന്നാൽ സാക്ഷരതയല്ല, തൊഴിലധിഷ്ഠിത കോഴ്സുകളുമല്ല. മൂല്യാധിഷ്ഠിത കോഴ്സുകളാക്കി മതങ്ങളുടെ തടവറയിൽ നിന്നു കിട്ടുന്ന പരിശീലനങ്ങളുമല്ല.

വിദ്യാഭ്യാസം ജീവിതാഭ്യാസമാണ്. അതായത് ജീവിക്കാനുള്ള പരിശീലനം. അതുകൊണ്ടുതന്നെ തൊഴിലധിഷ്ഠിതമോ മൂല്യാധിഷ്ഠിതമോ ആക്കി അതിനെ ചെറുതാക്കി കൂടാ. പകരം ഇനിയുള്ള വിദ്യാഭ്യാസം ജീവിതാധിഷ്ഠിതമാക്കുക തന്നെ വേണം.

ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾ, കംപ്യൂട്ടർ, സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ തുടങ്ങിയവയുടെ സാദ്ധ്യതകൾ അപാരമാണ്. അനന്യമാണ്. അത് ഇന്നും വിദ്യാഭ്യാസ രംഗത്ത് വ്യാപകമായി ഉപയോഗിക്കുന്നുമുണ്ടല്ലോ.

ഉമിക്കരികൊണ്ടു പല്ലുതേച്ചാൽ പല്ലിന്റെ ഇനാമൽ പോകും, അതുകൊണ്ട് പേസ്റ്റും ബ്രഷും ഉപയോഗിച്ച് പല്ലു തേയ്ക്കണം.

വാസനസോപ്പുകളനവധിയുണ്ട്, അതിലേതെങ്കിലും ഉപയോഗിച്ചില്ലെങ്കിൽ നിങ്ങളുടെ ചർമ്മകാന്തി കുറഞ്ഞു പോകും.

മിക്സിയും ഗ്രൈൻഡറും വാഷിംഗ് മെഷീനുമില്ലെങ്കിൽ ജീവിതം അർത്ഥശൂന്യമാകും.

കിറ്റെക്സ് ലുങ്കിയുടുത്താൽ അഴകേറും.

പോപ്പിക്കുട മുതൽ പല പല കുടകൾ. വർണ്ണക്കുടകളില്ലെങ്കിൽ കുട്ടികൾക്കു പഠിക്കാനാവില്ല.

യൂണിഫോമില്ലെങ്കിൽ വിദ്യാഭ്യാസം വ്യർത്ഥം.

ഒരു നേരത്തെ തീറ്റയുപേക്ഷിക്കാം പക്ഷേ ക്രിക്കറ്റ് ഉപേക്ഷിക്കരുത്.

ആയിരം രൂപയുടെ ആക്ഷൻ ഷൂസിട്ടാലേ കാലുകൾ സുരക്ഷിതമാകൂ.

നമ്മുടെ ദൃശ്യശ്രാവ്യമാദ്ധ്യമങ്ങൾ അരങ്ങു തകർത്ത് വിദ്യവിളമ്പുകയാണ്. വിപരീത വിദ്യാഭ്യാസത്തിലൂടെ സമൂഹത്തെ ആട്ടിത്തെളിച്ചു കൊണ്ടു പോവുകയാണ്.



മുലയുണ്ണുന്ന ഉണ്ണികൾ മുതൽ ദിനമെണ്ണി കുഴിയിലേക്കു കാലുനീട്ടിയിരിക്കുന്നവർ വരെ ഇത്തരം വിപരീത വിദ്യാഭ്യാസത്തിന്റെ ഇരകളാണ്, അടിമകളുമാണ്. ഇവരിൽ ചിലരെയാണ് നമ്മുടെ ക്ലാസ്സ് മുറികളിൽ വിദ്യാഭ്യാസത്തിനെന്നും പറഞ്ഞു കിട്ടുന്നത്. വളരെ രസകരമായി പൊള്ളത്തരങ്ങൾ ആസ്വദിച്ചു ശീലിച്ച ഇക്കൂട്ടർക്കു മുമ്പിൽ ഇതേ ഉപകരണങ്ങൾ കൊണ്ടെന്തു കളി കളിക്കാനാകും?

കംപ്യൂട്ടർ ഗയിമുകളുടെ അടിമയായിത്തീർന്ന കുട്ടിക്ക് ക്ലാസ്സ്റൂമുകളിലെ കമ്പ്യൂട്ടർ പരിപാടി എത്ര വിരസമായിരിക്കുമെന്നു പറയേണ്ടതുണ്ടോ?

പരസ്യങ്ങളും പരമ്പരകളും കണ്ടു കണ്ണിനും തലച്ചോറിനും വർണ്ണഭ്രമം വന്ന ഒരു വിദ്യാർത്ഥിക്കോ, അദ്ധ്യാപകനോ അതിൽക്കുറഞ്ഞതെന്തെങ്കിലും അതേ ഉപകരണത്തിൽ നിന്നു സഹിക്കാനാവുമോ?

ഒന്നു ഭാവനയുടെ മണ്ടൻ ലോകവും മറ്റേത് യാഥാർത്ഥ്യത്തിന്റെ നിത്യലോകവും. ഈ മാദ്ധ്യമങ്ങളെല്ലാം വിദ്യാഭ്യാസത്തെ ത്വരിതപ്പെടുത്തും, ആസ്വാദ്യമാക്കും. പക്ഷേ, വിപരീത വിദ്യാഭ്യാസത്തെ പ്രതിരോധിച്ചു കൊണ്ടോ കീഴ്പ്പെടുത്തിക്കൊണ്ടോ മാത്രമേ ഈ മാദ്ധ്യമങ്ങൾ ക്ലാസ്സുകളിൽ പ്രയോജനപ്രദമാക്കാനാവൂ എന്ന സത്യം കൂടി നമ്മൾ കണ്ടറിയണം.

അദ്ധ്യാപകന് പരിശീലനം വേണമെന്നതു ശരിയാണ്. പക്ഷേ, പരിശീലനം കൊടുക്കുന്നതുകൊണ്ട് ഒരു സാദാ മനുഷ്യനെ അദ്ധ്യാപകനാക്കിയെടുക്കാനാവില്ല എന്ന സത്യവും ഇതോടൊപ്പം ഓർക്കേണ്ടതുണ്ട്. ജന്മവാസനകൊണ്ട് അദ്ധ്യാപകരായിട്ടുള്ളവരുണ്ട്. അവർക്ക് പരിശീലനം കൂടി കിട്ടുമ്പോൾ അദ്ധ്യാപനം അനായസമാകുന്നു, ബോധനം രസപ്രദമാകുന്നു. ഗവേഷണത്തിന്റെ കഥയും മറിച്ചല്ല. ഉള്ളിൽ തിങ്ങുന്ന ജിജ്ഞാസ ശമിപ്പിക്കാനുള്ള ഗവേഷണവും പൊങ്ങച്ചത്തിനും വയറ്റിപ്പിഴപ്പിനും വേണ്ടിയുള്ള ഗവേഷണവും രണ്ടു തന്നെ.

ഇന്നത്തെ ഔദ്യോഗിക വിദ്യാഭ്യാസം വിദ്യാഭ്യാസമല്ലെന്നു പറയുന്ന ഞങ്ങൾ അതിനു ബദലായി പ്രവർത്തിപ്പിക്കുന്ന സാരംഗ്. ആ സാരംഗ് ഗവേഷണ വിഷയമാക്കി ഡോക്ടറേറ്റ് എടുക്കാൻ ഒരാൾ ഈയിടെ വന്നു. ഞങ്ങളോടു പോലും ആലോചിക്കാതെ കക്ഷി വിഷയവും തീരുമാനിച്ചിരുന്നു. ഞങ്ങളോടൊപ്പം ഒരൊറ്റ പകൽ ചെലവിട്ടു. കത്തിക്കാളുന്ന വെയിലത്ത് മൂന്നു നാലു മണിക്കൂർ ജോലി. തളർന്നു പോയ കക്ഷി പനിക്കുള്ള മരുന്നു വാങ്ങാൻ മലയിറങ്ങിയതാണ്. ഉടനെ മടങ്ങി വരുമെന്നു പറഞ്ഞുപോയ ആൾ പിന്നെ വന്നിട്ടില്ല. അതിന്റെ പേരും ഗവേഷണമെന്നു തന്നെ. ഡോക്ടറേറ്റ് നേടി ഔദ്യോഗിക പദവിയിലെത്തിയാൽ ശാസ്ത്രജ്ഞൻ അല്ലെങ്കിൽ പ്രൊഫസർ!

അദ്ധ്യാപകന്റെ അടിസ്ഥാന ഗുണം ജിജ്ഞാസയാണ്. ആ ജിജ്ഞാസയുടെ നിരന്തര ശല്യമാണ് ഓരോ അന്വേ

ഷണവും. ആ അന്വേഷണം പുതിയ കണ്ടെത്തലുകളിലാണു ചെന്നെത്തുക. അതു ലോകത്തോടു പറയാനുള്ള പുതിയൊരു കാര്യമാണ്. അദ്ധ്യാപകനിൽ ഒരു ഗവേഷകനുണ്ട് എന്നാൽ ഗവേഷകരിൽ അദ്ധ്യാപകരുണ്ടായിക്കൊള്ളണമെന്നില്ല.

അദ്ധ്യാപന രീതികളിൽ പരിശീലനം ലഭിച്ചവരും ഗവേഷണ പരിചയമുള്ളവരും തന്നെയാണ് കലാലയങ്ങളിൽ അദ്ധ്യാപകരായി നിയമിക്കപ്പെടേണ്ടത്. പക്ഷെ ജന്മനാ അദ്ധ്യാപകരായവരെ അല്ലാതെ നിയമിച്ചാലും അപകടമൊന്നും വരാനില്ല. നിയമനത്തിനു ശേഷം പരിശീലനമാകാം. ഗവേഷണ പരിചയവും നേടാം. എന്നാൽ ജന്മനാ അദ്ധ്യാപകരായവരെ ആരു കണ്ടെത്തും. എങ്ങിനെ കണ്ടെത്തും എന്നതിനു ഞങ്ങൾക്കുത്തരമില്ല. എന്നുതന്നെയുമല്ല ഇത് വെറും തൊഴിൽ സംബന്ധമായ പ്രശ്നമാണ്. അദ്ധ്യാപനത്തെ ഒരു തൊഴിലായി താഴ്ത്തിക്കാണാൻ ഞങ്ങൾക്കു താൽപര്യവുമില്ല. അമ്മയും ആയയും പോലെ അദ്ധ്യാപകനും അദ്ധ്യാപകത്തൊഴിലാളിയും വേറിട്ടു നിൽക്കുന്നു. ഒരായക്കും ഒരമ്മയുടെ സ്ഥാനത്തെത്താനാവില്ല. ഒരദ്ധ്യാപകത്തൊഴിലാളിക്കും ഗുരുസ്ഥാനത്തെത്താനുമാവില്ല.

കലാലയങ്ങളുൾപ്പടെയുള്ള വിദ്യാലയങ്ങൾ തൊഴിൽ ശാലകളാവുമ്പോൾ അദ്ധ്യാപനം ഒരു തൊഴിലാകും. അത് ചെയ്യുന്നവൻ വെറും അദ്ധ്യാപകത്തൊഴിലാളിയുമാകും. അവിടെ യു.ജി.സിക്കും ബോണസ്സിനും വേണ്ടി തൊഴിൽ സമരങ്ങളുമുണ്ടാവും. അവിടെ കുട്ടികൾ അസംസ്കൃത പദാർത്ഥങ്ങളും ചരക്കുകളുമായി പരിഗണിക്കപ്പെടും.

അദ്ധ്യാപകന് വായും വയറുമുണ്ട്.

വായും വയറുമുള്ളൊരു സംഘം. അവർക്കു ചുറ്റിനുമുണ്ട് എന്നൊന്നും പറയേണ്ട. വായും വയറും മാത്രമുള്ള ഒരു ലോകത്തെക്കുറിച്ചുമാത്രം ചിന്തിക്കുന്നവൻ അദ്ധ്യാപകനേയല്ല. അത്തരത്തിലൊരു തർക്കത്തിനായി വഴി തുറക്കുകയുമില്ല. ഒരു കാര്യം തറപ്പിച്ചു പറയട്ടെ.

അദ്ധ്യാപകന് വായും വയറും മാത്രം പോരാ,

സജീവമായൊരു തലച്ചോറും ഒരുറച്ച നട്ടെല്ലും കൂടി വേണം. കാരണം അദ്ധ്യാപകരാണ് നാളത്തെ സമൂഹത്തെ ഉരുവപ്പെടുത്താൻ സഹായിക്കുന്നവർ. അമ്മയെപ്പോലെ സഹിച്ചും ഭൂമിയെപ്പോലെ ക്ഷമിച്ചും യോഗിയെപ്പോലെ ത്യജിച്ചും



സഞ്ചാരിയേപ്പോലെ അലഞ്ഞും അന്വേഷണങ്ങളിലൂടെ നേടിയും പവിത്രമാക്കപ്പെടുന്നതാണ്, ഗുരുത്വമാക്കപ്പെടുന്നതാണ് അദ്ധ്യാപകത്തം. സമൂഹത്തിലെ ഏതുന്നത സ്ഥാനത്തിനും മേലാണത്. അതിനെ കേവലം തൊഴിൽ മേഖലയിലേക്കും കൂച്ചിക്കെട്ടരുതേ എന്നൊരപേക്ഷയുണ്ട്.

വിദ്യാർത്ഥികൾക്കും സ്വതന്ത്രമായ വ്യക്തി വികാസമുണ്ടാവാൻ,

ജീവിതാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ പുതുതലമുറയെ ജീവിക്കാൻ പ്രാപ്തരാക്കാൻ,

രാജ്യത്തിൻെറ വികസനപ്രക്രിയയും വിദ്യാഭ്യാസവും കണ്ണിച്ചേർക്കാൻ,

രാഷ്ട്രവും രാഷ്ട്രീയവും പുനർവ്യാഖ്യാനം ചെയ്യപ്പെടാൻ,

മൂല്യബോധമുള്ളൊരു തലമുറ ഇവിടെ വാർന്നു വീഴാൻ

അദ്ധ്യാപകൻ അദ്ധ്യാപകനായിത്തന്നെ നിലകൊള്ളണം. ജാതിയുടെയും മതത്തിൻെറയും അതിരുകൾക്കുയരെ കക്ഷിരാഷ്ട്രീയത്തിൻെറ കച്ചവടച്ചന്തകൾക്കുമുയരെ സ്വന്തം ഗുരുപീഠത്തിലമർന്ന് സമൂഹത്തെ നന്മയിലേക്കു നയിക്കാനായി ജാഗരൂഗനായിരിക്കുന്ന ഗുരു അവനുമാത്രമേ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സഫലീകരിക്കാനാവു.

ഇന്നത്തെ അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം തീരെ അഭികാമ്യമല്ല. ഓരോ വിദ്യാർത്ഥിയുടെയും കഴിവുകളും കഴിവില്ലായ്മകളും തൊട്ടറിയാൻ പറ്റിയതല്ല നമ്മുടെ ക്ലാസ്സ് മുറികൾ. അവിടെ ആൾത്തിരക്കാണ്. പ്രൈമറിപ്പള്ളിക്കൂടവും കോളേജും എല്ലാം ഇക്കാര്യത്തിൽ സമമാണ്. ഈ വിദ്യാലയ സാമ്രാജ്യങ്ങൾ ചെറുതാകണം. ഓരോ വിദ്യാർത്ഥിയെയും അടുത്തറിയത്തക്ക വിധം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ക്രമപ്പെടുത്തണം. സാമ്പത്തിക ബുദ്ധിമുട്ടുകളും സാങ്കേതിക പ്രശ്നങ്ങളും പറഞ്ഞ് ഒഴിഞ്ഞു മാറാൻ നോക്കേണ്ട. ഭരണാധികാരികൾക്ക് പൊങ്ങച്ചം കാട്ടാനും അയൽക്കാരെ വിരട്ടാനും നമുക്കു പണം കണ്ടെത്താനുണ്ടെങ്കിൽ നാളത്തെ തലമുറയുടെ ഭാവി രൂപപ്പെടുത്താനും പണം കണ്ടെത്തിയേ പറ്റൂ.

വേണമെങ്കിൽ ചക്കവേരിലും കായ്ക്കും.

രണ്ടു ദിവസം കൊണ്ട് അഞ്ച് അണുസ്ഫോടനങ്ങൾ!

വേണമെങ്കിൽ ചക്ക വേരിലും തടിയിലും കൊമ്പിലും കമ്പിലുമെല്ലാം കായ്ക്കണം. അതിനുള്ള ശാഠ്യം വേണം. തെരഞ്ഞെടുപ്പുകളിൽ കാട്ടുന്ന ശുഷ്കാന്തിയും വീറും വാശിയും അദ്ധ്യാപനരംഗത്തും വരട്ടെ. തങ്ങളുടെ വരും തലമുറയെക്കുറിച്ചൊരു സ്വപ്നമുണ്ടാവട്ടെ. ആ ആവേശത്തിൻെറ അഗ്നിയിൽ നിന്നും ഊർജ്ജമുണ്ടാവട്ടെ. ആ ഊർജ്ജമുൾക്കൊണ്ടു പണിയെടുക്കട്ടെ. മനസ്സും ശരീരവും ഒന്നുചേർന്നുള്ള പണി. വിജയത്തിലെത്തും വരെയുള്ള പണി. നമ്മളല്ലെങ്കിൽ അടുത്ത തലമുറ ഫലം കൊയ്യുമെന്ന ശുഭാപ്തി വിശ്വാസത്തോടെയുള്ള പണി. അത്തരമൊരു ഭഗീരഥ പ്രയത്നം കൊണ്ടു മാത്രമേ ജീവിത ഗന്ധിയായൊരു വിദ്യാഭ്യാസത്തിനായുള്ള സാഹചര്യമുണ്ടാവൂ.

നിലവിലുള്ള വിദ്യാഭ്യാസമേ മാറണം. ഭൂരിപക്ഷത്തിനു ഗുണം ചെയ്യാത്ത നിലവിലുള്ള വിദ്യാഭ്യാസം മാറിയേ പറ്റൂ. അടിമുടി മാറുന്ന മാറ്റത്തിൽക്കുറഞ്ഞ ഒന്നും ഇന്നിനി ആവശ്യമില്ലാത്ത അവസ്ഥയിലാണു നമ്മൾ.

വിദ്യാഭ്യാസ രംഗത്തെ മാറ്റം സമൂഹത്തിൻെറ അടിസ്ഥാനമാറ്റത്തിനു വഴിമരുന്നിടും. അതിനുള്ള സാഹചര്യമൊരുക്കുവാൻ എല്ലാരും പണിയെടുക്കണം. അതിൻെറ ചുമതലക്കാരൻ അദ്ധ്യാപകനാകണം. തൻെറ കടമ നിറവേറ്റാൻ അദ്ധ്യാപക സമൂഹത്തിനു കഴിയുമാറാകട്ടെ. ആ നിമിഷത്തിനായി കാതോർത്തിരിക്കയാണു ഞങ്ങൾ. ■

# മനുഷ്യരുടേതായ വിദ്യാഭ്യാസം

*മുറ്റത്ത് വളരുന്ന ചെടികൾ, പറമ്പിൽ കാണുന്ന പുല്ലുകൾ, വളർന്ന് ശാഖകൾ നീട്ടി ആകാശത്തോളം മുട്ടി നില്ക്കുന്ന മഹാമരങ്ങൾ, അതിലെ ചില്ലകളിൽ വന്നിരിക്കുന്ന പക്ഷികൾ, അണ്ണാർക്കണ്ണന്മാർ,വീടുകളിൽ സമാധാനമായി ജീവിക്കുന്ന പശുക്കൾ, നായ്ക്കൾ, പൂച്ചകൾ, എലികൾ - ഇവർക്കെല്ലാം അവരുടേതായ വിദ്യാഭ്യാസം സദാസമയവും അവർ കൊടുക്കുന്നുണ്ട്. മനുഷ്യനും അങ്ങനെ ചെയ്യാവുന്നതാണ്.*

*ഞാൻ പുസ്തകങ്ങൾ വായിച്ചോ പത്രങ്ങൾ നോക്കിയോ സെമിനാറുകൾ നടത്തിയോ ഒന്നുമല്ല, ജീവിതത്തെ ധന്യമാക്കുന്നത്. പ്രപഞ്ചത്തിൻെറ ഒരു ഭാഗമായി തന്നെ സൂര്യപ്രകാശത്തെ മാനിച്ചും, ആകാശത്തിൽ നിന്നും വരുന്ന മഴയിൽ സന്തോഷിച്ചും, ചെടികളിൽ വന്ന് വിരിയുന്ന പൂക്കളെ കണ്ണുനിറയെ കണ്ടുമൊക്കെയാണ്. അതുകൊണ്ട്, ഈ ചുറ്റുപാടുകളിൽ ഇല്ലാത്തതൊന്നും എനിക്ക് കാണാൻ താൽപര്യമില്ല.*

•

ഒരു രാജ്യത്തിൻെറ ചിരന്തനമായ സംസ്ക്കാരം കുഞ്ഞുങ്ങളിലേയ്ക്ക് പകർന്നു ചെല്ലേണ്ടത് അവരുടെ മാതൃഭാഷയിൽക്കൂടി ഭാഷയുടെ സ്ഥാനം കുഞ്ഞിൻെറ മനസ്സിൽ ഉണ്ടാക്കുന്നത് എന്നന്നേക്കുമായി കാണിക്കുന്ന ഒരു ദ്രോഹമായി തീരും.

നാലു വയസ്സുവരെ കുഞ്ഞുങ്ങൾക്ക് പരീക്ഷകൾ നടത്തുകയോ, വീട്ടുപാഠം ചെയ്യാൻ കൊടുക്കുകയോ കാണാതെ പഠിക്കാൻ നിർബന്ധിക്കുകയോ അരുത്. കുഞ്ഞുങ്ങളുടെ മസ്തിഷ്ക്കത്തിന് ക്ഷീണമുണ്ടാക്കുന്ന ഒരു അഭ്യാസനവും അഞ്ചു വയസ്സുവരെ കൊടുക്കരുത്. പന്ത്രണ്ടു വയസ്സിനു മുമ്പ് കുഞ്ഞുങ്ങൾക്ക് ക്ലാസ്സിലെ മറ്റു വിദ്യാർത്ഥികളോട് താരതമ്യപ്പെടുത്തി മത്സരിക്കുവാൻ അവസരമുണ്ടാക്കരുത്. സ്ക്കൂളുകളിൽ തന്നെ അവരുടെ പുസ്തകങ്ങൾ സൂക്ഷിക്കേണ്ടുന്ന ഏർപ്പാടുണ്ടാക്കണം. ഒരിക്കലും ഹോം വർക്ക് കൊടുക്കുവാൻ പാടുള്ളതല്ല. റാങ്ക് എന്ന ഏർപ്പാട് പത്താം ക്ലാസ്സിന് ശേഷമേ സ്കൂൾ പരീക്ഷയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. ചരിത്രം, ഭൂമിശാസ്ത്രം, പ്രകൃതി ശാസ്ത്രം മുതലായവയിൽ ജീവിതത്തിലൊരിക്കലും പ്രയോജനമില്ലാത്ത വസ്തു വിവരങ്ങൾ സിലബസ്സിൽ നിന്നു ദൂരീകരിക്കണം. ദൈനംദിന ജീവിതത്തിൽ ആവശ്യം അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾക്ക് പ്രാധാന്യം നൽകണം.

പന്ത്രണ്ടു വയസ്സിനും പതിനഞ്ചു വയസ്സിനുമിടയ്ക്ക് സാമാന്യമായ രീതിയിൽ ഭക്ഷണം ഉണ്ടാക്കുവാനും അത് വിളമ്പി വെയ്ക്കുവാനുമുള്ള പരിചയം എല്ലാവർക്കും കൊടുക്കണം. ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് ഫ്രീ ഹാൻറ് ചിത്രങ്ങൾ വരയ്ക്കുന്നതിനും നിറങ്ങൾ തിരിച്ചറിയുന്നതിനും, ചേർച്ചയുള്ള നിറങ്ങൾ കൂട്ടിയിണക്കുന്നതിനും, അവ ഉപയോഗിച്ച് ആകർഷകമായ ചിത്രങ്ങൾ രചിക്കുന്നതിനുമുള്ള പ്രാഥമിക പാഠങ്ങൾ ലഭിച്ചിരിക്കണം. പത്തു വയസ്സിനും പതിനഞ്ചു വയസ്സിനും ഇടയിലുള്ള കുട്ടികൾക്ക് പ്രഥമ ശുശ്രൂഷാ പാഠങ്ങൾ നൽകണം. പന്ത്രണ്ടു വയസ്സിനും പതിനേഴു വയസ്സിനും ഇടയിലുള്ളവർക്ക് പഞ്ചായത്തിൻേറയോ കോർപറേഷൻേറയോ പരിപാടികളിൽ സഹകരിച്ചു പ്രവർത്തിക്കുവാനുള്ള ഏർപ്പാടു ചെയ്തു കൊടുക്കണം.

ഓരോ സ്കൂളിനും സ്കൂൾ വക കുഞ്ഞുങ്ങളുടെ തിയേറ്ററുകളുണ്ടായിരിക്കണം. നാടകം രചിക്കുവാനോ, ആവശ്യമായ വേഷങ്ങൾ ഉണ്ടാക്കിവെക്കുവാനോ പഠിപ്പിക്കണം. നാലാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സു വരെ ക്ലാസ്സു തുടങ്ങുമ്പോൾ ഉത്കൃഷ്ടമായ വിഷയങ്ങളെക്കുറിച്ച് വാചാപ്രസംഗം ചെയ്യുന്നതിനോ, എഴുതി വായിക്കുന്നതിനോ ഓരോ കുട്ടിയെ ഓരോ ദിവസം വിനിയോഗിക്കാം. ■


ബി. എ. മൂന്നാം വർഷം, സോഷ്യോളജി
ഷിലുജാസ്. എം.
വഫ റിയാലു
ഷെറീനാബാനു. സി. പി.

# പോയ്മറയും വിദ്യാഭ്യാസം

പുരോഗതിയുടെ വാതായനങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ലോകത്തിനനുസൃതമായി സ്വാശ്രയശീലരായ ഒരു വിഭാഗത്തെ വാർത്തെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തിൻെറ യഥാർത്ഥ ലക്ഷ്യം. വിദ്യാഭ്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ജനങ്ങൾക്ക് അറിയാത്ത കാര്യങ്ങൾ അറിയിക്കുക എന്നതുമാത്രമല്ല, വ്യവഹാരങ്ങളിൽ സാരമായ മാറ്റമുണ്ടാക്കി പ്രവർത്തിക്കാൻ പ്രാപ്തരാക്കുക എന്നതുകൂടിയാണല്ലോ.

വിദ്യാഭ്യാസത്തിലൂടെ ആഗ്രഹിക്കുന്ന പ്രധാന മാറ്റം, ശരിയായതും വ്യക്തമായതുമായ ലക്ഷ്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്. ഒപ്പം മൂല്യനിർണ്ണയം നടത്താനുള്ള ശേഷി വർദ്ധിപ്പിക്കുന്നു. പരസ്പരം ഇടപഴകുന്നതിലൂടെ വിദ്യാർത്ഥികൾക്ക് സ്വതന്ത്ര വികസനത്തിനും വിശാലവീക്ഷണത്തിനും ധാരാളം അവസരങ്ങൾ ലഭിക്കുന്നു. കാലഘട്ടത്തിൻെറ ഒഴുക്കിനനുസരിച്ച് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ പല മാറ്റങ്ങളും വന്നിട്ടുണ്ട്.

ആദ്യകാലങ്ങളിൽ അനുവർത്തിച്ചുവന്നിരുന്ന വിദ്യാഭ്യാസരീതി ഗുരുകുല സമ്പ്രദായമായിരുന്നു. അത് ഒരദ്ധ്യാപകൻെറ കീഴിൽ കുറച്ച് കുട്ടികൾ വാമൊഴിയിലൂടെയും അനുഭവങ്ങളിലൂടെയും അറിവുകൾ സമ്പാദിക്കുന്ന രീതിയായിരുന്നു. വിവിധ വർഗ്ഗങ്ങളിൽ അവരുടെ ചുറ്റുപാടുകൾക്കനുസൃതമായ അറിവും, പരിശീലനവും നൽകി ഇളം തലമുറയെ വാർത്തെടുക്കുന്ന സാമൂഹീകരണപ്രക്രിയ നിലവിലുണ്ടായിരുന്നു. കുലത്തൊഴിൽ പരിശീലനം ഇതുവഴി അവർ കൈമാറി. പിന്നീട് ബ്രിട്ടീഷുകാരുടെ ആഗമനത്തോടെ വിദ്യാഭ്യാസത്തിൽ മാറ്റങ്ങളുണ്ടായി. അതിൽ ശ്രദ്ധേയമായത് മെക്കാളെയുടെ വിദ്യാഭ്യാസ പരിഷ്ക്കരണമായിരുന്നു. എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്നതിനേക്കാൾ പ്രധാനം കുറച്ചു പേർക്ക് ഔപചാരികവിദ്യാഭ്യാസം കൊടുക്കുക എന്നതായിരുന്നു ബ്രിട്ടീഷുകാരുടെ താല്പര്യം. മെക്കാളെയുടെ വിദ്യാഭ്യാസ സമ്പ്രദായം വലിയ മാറ്റങ്ങളൊന്നുമില്ലാതെ ഇന്നും തുടർന്നുവരുന്നു. കാലത്തിൻെറ ത്വരിതഗതിയിലുള്ള പുരോഗതിക്കനുസരിച്ച് വിദ്യാഭ്യാസ സമ്പ്രദായങ്ങൾ പുരോഗതി പ്രാപിച്ചിട്ടുണ്ടോ? കുറേക്കാലമായി വിദ്യാഭ്യാസവിചക്ഷണരും, അദ്ധ്യാപകരും ഈ അന്വേഷണം നടത്തികൊണ്ടിരിക്കുന്നു.



ഇന്നു നാം ഇന്ത്യയിൽ പിന്തുടരുന്ന വിദ്യാഭ്യാസ സ

മ്പ്രദായത്തിനു ഒന്നര നൂറ്റാണ്ടിലേറെക്കാലത്തെ ചരിത്രമേയുള്ളൂ. അതാകട്ടെ മദ്ധ്യധരണ്യാഴി പ്രദേശത്തു പൂത്തുലഞ്ഞ സംസ്കാരത്തിൻെറ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ടു ഇംഗ്ലണ്ടിൽ രൂപംകൊണ്ട വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ അതേ മാതൃകയിൽ സംഘടിപ്പിച്ചതാണ്. നമ്മുടെ പൗരസ്ത്യ വിദ്യാഭ്യാസ ദർശനമല്ല അതിൻെറ ആത്മാവ്. സംഘടനയിലും, സങ്കേതങ്ങളിലും വ്യത്യാസങ്ങളുണ്ടെങ്കിലും ഒരുപക്ഷെ ഭിന്നമായ അർത്ഥങ്ങളിൽ രണ്ടിൻേറയും പരമമായ ലക്ഷ്യം വിദ്യാർത്ഥികളുടെ സ്വതന്ത്രമായ വ്യക്തിത്വവികസനം തന്നെ. എന്നാൽ പാശ്ചാത്യ വിദ്യാഭ്യാസസമ്പ്രദായം ഇന്ത്യയെപോലെയുള്ള ഒരു രാജ്യത്ത് എന്ത് മാറ്റങ്ങളുണ്ടാക്കിയെന്നതും വിശകലനം ചെയ്യേണ്ട കാര്യമാണ്.


ഒരു രാജ്യത്തിലെ ഭൂരിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട്, ജാതി മത വർഗ്ഗ ഭാഷാ വ്യത്യാസമില്ലാതെ, എല്ലാവർക്കും വിദ്യാഭ്യാസം എന്ന നയത്തിലധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ നയമാണ് നമ്മുടെ രാജ്യത്ത് ഇന്ന് നിലനില്ക്കുന്നത്. സർവ്വജനങ്ങൾക്കും വിദ്യാഭ്യാസംപ്രദാനം ചെയ്യുന്ന ഇത്തരമൊരവസ്ഥയിൽ രാജ്യത്ത് പഠിതാക്കളായ് വരുന്നവരുടെ എണ്ണം വളരെ കൂടുതലായിരിക്കും. അതുകൊണ്ട് ഓരോ പഠിതാവിനും (വ്യക്തിക്കും) ആവശ്യമായ ശ്രദ്ധയോ നിർദ്ദേശങ്ങളോ ശരിയായ വിധത്തിൽ കൊടുക്കാൻ കഴിയുന്നില്ല എന്നൊരഭിപ്രായം പൊതുവെ നിലനില്ക്കുന്നുണ്ട്.

# പോയ്മറയും വിദ്യാഭ്യാസം

**പരമാവധി പൊരുത്തപ്പെട്ട് ജീവിക്കാൻ വ്യക്തിയെ പഠിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസത്തിൻെറ പ്രഥമ ദൗത്യം.**

പലപ്പോഴും ജീവിതത്തിലെ നഗ്നയാഥാർത്ഥ്യങ്ങളുമായ് പൊരുത്തപ്പെട്ട് പോകാനോ, നമ്മുടെ ഭൂമിശാസ്ത്രപരമായ വിഭവങ്ങളെ വേണ്ടവിധം ഉപയോഗപ്പെടുത്തി ജീവിക്കാനും സാധിക്കുന്നില്ല എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. നാം പിന്തുടരുന്ന വിദ്യാഭ്യാസം വിദ്യാർത്ഥികളെ സംസ്കാരസമ്പന്നരാക്കുന്ന തരത്തിലുള്ള ഒന്നാണോ? അതിൻെറ ലാഭനഷ്ടങ്ങളെകുറിച്ചുള്ള ഇത്തരത്തിലുള്ള പല ചോദ്യങ്ങൾക്കും പലപ്പോഴും ഫലപ്രദമായ ഉത്തരങ്ങൾ ലഭിക്കാതെപോകുന്നു. വ്യക്തികൾ സ്വന്തമായ ഒരഭിപ്രായമോ, ചുറ്റുപാടുകളോട് പ്രതികരണമോ പുലർത്താതെപോകുന്നത് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ പാളിച്ചയല്ലേ? വിദ്യാഭ്യാസത്തെകുറിച്ച് ഏറെ ഉൽകണ്ഠാകുലതയുള്ളവരാണ് നമ്മൾ. അതേസമയം നമ്മൾ നേടേണ്ട വിദ്യാഭ്യാസത്തെ ഏറ്റവും അനുയോജ്യമായ ഒരു രീതിയിൽ എങ്ങിനെ സ്വരൂപിക്കാമെന്ന് ഒരഭിപ്രായസമന്വയം സാധിക്കാത്ത സാഹചര്യമാണിന്നുള്ളത്.

അതുകൊണ്ട്തന്നെ ഒരു വ്യക്തിയുടെ സ്വതസിദ്ധമായ വളർച്ചയ്ക്കും വ്യക്തിത്വവികസനത്തിനും അരുനില്ക്കാൻ ഈ വിദ്യാഭ്യാസത്തിന് എത്രത്തോളം സാധിക്കുമെന്ന സംശയവും ഉയർത്തപ്പെടുന്നു. പഠിപ്പിക്കുന്ന വസ്തുതകളും ജീവിക്കുന്ന ചുറ്റുപാടുകളും എപ്രകാരം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടിരിക്കുന്നു? പഠിക്കുന്നത് ജീവിതത്തിൽ എത്രത്തോളം പ്രയോഗവൽക്കരിക്കാൻ സാധിക്കുന്നു? ഉന്നത ബിരുദം നേടുന്ന ഒരാളിന് അനുയോജ്യമായ തൊഴിൽ ലഭിക്കുന്നുണ്ടോ? യഥാർത്ഥ രാഷ്ട്രബോധമുള്ളവരാക്കി പൗരന്മാരെ വളർത്തുന്നതിൽ വിദ്യാഭ്യാസത്തിന് സമൂഹത്തോടുള്ള പങ്ക് എത്രത്തോളമുണ്ട്? ആത്മാർത്ഥമായ് സേവനം പുലർത്താൻ സന്നദ്ധരായി രാജ്യത്തോട് കൂറുപുലർത്തുന്ന വ്യക്തികളെ സൃഷ്ടിക്കാൻ ഈ വിദ്യാഭ്യാസ നയം എത്രത്തോളം സഹായകരമാകുന്നുണ്ട്?




മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം' എന്ന വിവേകാനന്ദൻെറ നിർവചനം ഇവിടെ പ്രസക്തമായി വന്നിരിക്കുന്നു. ജീവിതത്തിലെ പ്രതികൂല സാഹചര്യങ്ങളോട്

## വിദ്യാഭ്യാസം = വ്യക്തിത്വവികസനം?

***ഇന്നു നാം പിന്തുടരുന്ന വിദ്യാഭ്യാസസമ്പ്രദായം വിദ്യാർത്ഥികളുടെ സ്വതന്ത്രമായ വ്യക്തിത്വവികസനം, പൂർണ്ണമായ പങ്കാളിത്തം എന്നിവ സുസാദ്ധ്യമാക്കുന്നുണ്ടോ?***

കഴിഞ്ഞ അമ്പത് വർഷമായി സ്വതന്ത്രഭാരതത്തിൽ പിന്തുടരുന്ന ഈ വിദ്യാഭ്യാസസമ്പ്രദായത്തിലൂടെ ഉന്നതവിദ്യാഭ്യാസം കുറേപ്പേർക്ക് നൽകാൻ സാധിച്ചിരിക്കുന്നു. എങ്കിലും ഈ ഉന്നതിക്കിടയിലും അതിരൂക്ഷമായ തൊഴിലില്ലായ്മയെയാണ് നാം അഭിമുഖീകരിക്കുന്നത്. തൊഴിലുകൾ, പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയവർക്കുള്ളത് മാത്രമാണെന്ന് കരുതുന്നവരാണ് പലരും. എവിടെയാണ് നമ്മുടെ കണക്കുകൂട്ടലുകൾ പിഴക്കുന്നത്? നാനാവിധ ന്യായീകരണങ്ങൾക്കിടയിലും ഈ വിദ്യാഭ്യാസത്തെ ഒരു പുനരാലോചനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെന്നാണ് ഏറെപേരും വിശ്വസിക്കുന്നത്.

*വ്യത്യസ്ത തുറകളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ വിചക്ഷണരും, വിദ്യാർത്ഥികളും, അദ്ധ്യാപകരും നാം കൊണ്ടാടുന്ന വിദ്യാഭ്യാസത്തെ എങ്ങിനെ കാണുന്നുവെന്ന ഒരന്വേഷണം കൗതുകകരമായിരിക്കും. ഒരു ബദൽ വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കുന്നവരാണ് ചിലർ. എന്നാൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിലോ ആശയങ്ങളിലോ അല്ല വൈകല്യം. മറിച്ച് അതിൻെറ ഫലവത്തായ നടത്തിപ്പിൽ മാത്രമാണെന്ന് വിശ്വസിക്കുന്നവരുണ്ട്. യാതൊരു മാറ്റങ്ങൾക്കും വിധേയമാക്കാതെയുള്ള ഇന്നത്തെ വിദ്യാഭ്യാസത്തിൻെറ തുടർച്ചതന്നെയായിരിക്കും രാജ്യത്തിന് ഇനിയുമുള്ള പുരോഗതിക്കാവശ്യം എന്ന് കരുതുന്നവർ വേറെ. വിദ്യാഭ്യാസമെന്നാൽ സാക്ഷരതയോ തൊഴിലധിഷ്ഠിതകോഴ്സുകളോ മതങ്ങളുടെ തടവറയിൽ നിന്നും കിട്ടുന്ന പരിശീലനങ്ങളുമല്ലെന്നും മറിച്ച് മൂല്യാധിഷ്ഠിത ചിന്തകളിലോ പ്രവർത്തനങ്ങളിലോ ഉള്ള പ്രാവീണ്യമാണെന്നും ചിലർ വിശ്വസിക്കുന്നു. വിദ്യാഭ്യാസം ജീവിതാഭ്യാസമാണ്. അതായത് ജീവിക്കാനുള്ള പരിശീലനം, അതുകൊണ്ടുതന്നെ തൊഴിലധിഷ്ഠിതമോ മൂല്യാധിഷ്ഠിതമോ ആയ ഒന്നാക്കി അതിനെ ചെറുതാക്കികൂടാ എന്ന് മറുപക്ഷക്കാർ.*

*നാം ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുകയാണ്. പഴയ വിദ്യാഭ്യാസം പുതിയ മാറ്റങ്ങളോടെ നടപ്പിൽ വരുന്നത് തുടർന്നാൽ മതിയോ? മറിച്ച് അടിമുടി മാറ്റം അനിവാര്യമോ? അഭിപ്രായ സമന്വയത്തിന് സംവാദാത്മകമായ ഈ അന്വേഷണം സഹായിക്കാതിരിക്കില്ല. നമ്മുടെ പാളിച്ചകളിലേക്കും നേട്ടങ്ങളിലേക്കും ഒരു പഠനയാത്ര.*




ഇപ്പോഴുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ ഉൾക്കൊള്ളാൻ കഴിയാത്ത സാരംഗിലെ സാരഥികളായ ഗോപാലകൃഷ്ണനും, വിജയലക്ഷ്മിയും പറയുന്നു "വിദ്യാഭ്യാസം എന്നുപറഞ്ഞു നാമിന്നു നടത്തുന്ന അഭ്യാസം വിദ്യാർത്ഥികളുടെ സ്വതന്ത്രമായ വ്യക്തിത്വവികസനം അസാദ്ധ്യമാക്കുന്നു. കൂടാതെ വികലമായ വ്യക്തിത്വത്തിൻെറ ഉടമകളുമാക്കുന്നു." പരമാവധി വികലമായ വ്യക്തിത്വവുമായാണ് വിദ്യാർത്ഥികളായ ഇളം തലമുറ വളർന്നുവരുന്നത്. അവരാണ് സമൂഹത്തിൻെറ നിർണ്ണായക സ്ഥാനങ്ങളിലേക്കെത്തിപ്പെടുന്നത്. സമൂഹത്തിൻെറ ബാക്കി അംഗങ്ങൾക്കും ഈ വിപരീത വിദ്യാഭ്യാസം കിട്ടുന്നതുകൊണ്ട് ഒരു വിപരീത മൂല്യസങ്കല്പവും നാം വളർത്തിയെടുക്കുന്നുണ്ട് എന്നാണ് അവരുടെ പക്ഷം.

ഒരു ചുറ്റുവട്ടത്തിനനുകൂലമാംവിധം വ്യക്തിയുടെ കഴിവും, കഴിവില്ലായ്മയും ചുരന്നറിഞ്ഞ് ഒരു വികസനപ്രക്രിയ വിദ്യാഭ്യാസത്തിലൂടെ നടക്കുന്നില്ല എന്ന് അടച്ചാക്ഷേപിക്കാൻ സാധിക്കില്ല എന്ന് കേരള യൂണിവേഴ്സിറ്റിയുടെ മുൻ പ്രോ വൈസ് ചാൻസ്ലർ ഡോ. എൻ.എ. കരീം കരുതുന്നു. 'സത്യം', 'സ്നേഹം' എന്നീ സംജ്ഞകൾ പോലെ വളരെയധികം അർത്ഥവൈപുല്യമുള്ള ഒരു വാക്കാണ് 'വിദ്യാഭ്യാസം'. ആ പദത്തിൻെറ പൂർണ്ണമായ അർത്ഥത്തിലുള്ള വിദ്യാഭ്യാസം ഇന്നെങ്ങുമില്ല."

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലറായിരുന്ന പ്രൊഫ. കെ.എ. ജലീൽ നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം പൂർണ്ണമായും വ്യക്തിത്വവികസനം സാദ്ധ്യമാക്കുന്നില്ല എന്ന് അംഗീകരിക്കുന്നില്ല.

പ്രൊഫ. ജലീൽ നിർദ്ദേശിക്കുന്നു.

"വിദ്യാർത്ഥികളുടെ സമീപനം ലക്ഷ്യം നേടാൻ പ്രധാനപ്പെട്ടതാണ്. വിദ്യാഭ്യാസത്തെ വേണ്ടവിധത്തിൽ വിദ്യാർത്ഥികൾ ഉപയോഗിക്കേണ്ടത് അത്യാവശ്യമാണ്. സാദ്ധ്യതകളെക്കുറിച്ച് വേണ്ടത്ര ശ്രദ്ധയില്ലാത്തതുകൊണ്ടും, പ്രതിബദ്ധതയില്ലാത്തതുകൊണ്ടുമാണ് ഉദ്ദേശ്യം സഫലീകരിക്കുന്നതിന് തടസ്സമാകുന്നത്."

1950കളോടെ ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ

ട് വിടപറഞ്ഞ നാരായണഗുരുകുലം ഗുരുവായ നിത്യ ചൈതന്യ യതി അറിയിച്ചു. "പരീക്ഷകളും, ഡിഗ്രികളും, ഡിപ്ലോമകളും ഒക്കെയാണ് വിദ്യാഭ്യാസം എന്നു കരുതുന്ന സമ്പ്രദായത്തെ ഞാൻ മനസ്സിൽ നിന്നും ഉപേക്ഷിച്ചിട്ട് ഇപ്പോൾ അര നൂറ്റാണ്ടാകുന്നു."


വയനാട് ജില്ലയിലെ നടവയലിൽ 'കനവി'ലൂടെ ബദൽ വിദ്യാഭ്യാസ സമ്പ്രദായം പ്രയോഗവത്കരിക്കുന്ന കെ.ജെ. ബേബി "ആധുനിക വിദ്യാഭ്യാസ സമ്പ്രദായം വിദ്യാർത്ഥികളെ ആത്മവിശ്വാസമില്ലാത്തവരാക്കുന്നു. ക്രിയാത്മകമായി വല്ലതും ചെയ്യാനുള്ള ധൈര്യംപോലുമില്ലാത്ത ഇവർക്ക് സമൂഹത്തെ അഭിമുഖീകരിക്കാൻപോലും അറിയാത്ത അവസ്ഥയാണിന്നുള്ളത്."

പ്രോവിഡൻസ് കോളേജിലെ ചെയർപേഴ്സൺ ആയ ശ്രുതിപ്രഭാകറിൻെറ അഭിപ്രായത്തിൽ ഈ വിദ്യാഭ്യാസത്തിലൂടെ വ്യക്തികളുടെ വ്യക്തിത്വവികസനത്തിന് അർഹമായ പ്രാധാന്യം ലഭിക്കുന്നില്ല. ശ്രുതി പറഞ്ഞു: "അദ്ധ്യാപകൻ അദ്ധ്യയനം നടത്തുമ്പോൾ അത് ഉൾകൊള്ളുക എന്നല്ലാതെ വിദ്യാർത്ഥിയെ അതിൽ പങ്കെടുപ്പിക്കുന്ന രീതി ഇന്നില്ല. മാത്രമല്ല, പഠിക്കുന്ന വിഷയങ്ങൾ ഭൂരിഭാഗവും പ്രായോഗികത അർഹിക്കാത്തതാണ്."

ആധുനിക വിദ്യാഭ്യാസം, ഇന്ന് അതിൻെറ മൂല്യങ്ങളിൽ നിന്ന് വ്യതിചലിച്ചിരിക്കുന്നു എന്ന പക്ഷക്കാരനായ കാലിക്കറ്റ് യൂണിവേഴ്സിറ്റി മനഃശാസ്ത്രവിഭാഗം അദ്ധ്യാപകൻ ഡോ. ജെ. ബേബി കുറ്റപ്പെടുത്തി: "രക്ഷിതാക്കൾക്ക് സ്വന്തം മക്കൾ ക്രിയാത്മകമായ രീതിയിൽ ഉയരണമെന്ന ആഗ്രഹമില്ല. പഠനം കഴിയുന്നതോടെയുള്ള ജോലി ലക്ഷ്യമിട്ടിരിക്കുന്ന അവർ കുടുംബ പ്രാമാണിത്വം ഉയർത്തുന്നതിനും, ഈഗോ പ്രകടമാക്കാനുള്ള ഒരു വേദിയായി വിദ്യാഭ്യാസത്തെ കാണുന്നു."

കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിലെ അദ്ധ്യാപികയും, ഏറ്റവും നല്ല അദ്ധ്യാപകർക്കുള്ള ഗനി അവാർഡ് ലഭിക്കുകയും ചെയ്ത ഡോ. എം. സ്നേഹപ്രഭയുടേയും അഭിപ്രായം മറിച്ചൊന്നായിരുന്നില്ല. "നമ്മുടെ സിലബസ്സും ടെക്സ്റ്റ് ബുക്കുകളും പരീക്ഷയെ മുൻനിർത്തി കണ്ടുകൊണ്ട് അറിവ് നൽകുന്നവയാണ്. വ്യക്തിത്വവികസനത്തിന് ഊന്നൽ നൽകുന്ന വിദ്യാഭ്യാസ സമ്പ്രദായം നടപ്പിൽവരുത്താൻ ഇന്നാർക്കും നേരമില്ല."

"നമ്മുടെ വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ വ്യക്തിത്വത്തിൻെറ പൂർണ്ണ വികസനത്തിനു സഹായകരമല്ലാത്തതിൻെറ ഒരു കാരണം അതിൻെറ സംഘടനയുടെ സ്വഭാവവും അതിലെ ബോധന-പഠന സങ്കേതങ്ങളുടെ അശാസ്ത്രീയതയും ഒക്കെയാണ്. അവയാകട്ടെ, പഴഞ്ചനും, കാലഹരണപ്പെട്ടതുമായിരിക്കുന്നു. സ്കൂൾ കൂടാതെ പല പുതിയ സ്ഥാപനങ്ങളും, സ്വാധീനങ്ങളും ഇന്നു സമൂഹത്തിൽ വളർന്നുവന്നിട്ടുണ്ട്. അവയിൽ പ്രധാനം ശക്തമായ ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളാണ്. വ്യവസായവത്ക്കരിക്കപ്പെട്ട അവയുടെ സ്വാധീനം വ്യക്തിത്വരൂപീകരണത്തിൻെറ നിർണ്ണായകഘട്ടത്തിൽ വിനാശകരമായിത്തീരുകയും ചെയ്യുന്നുണ്ട്. തന്മൂലം വ്യക്തിയും, കുടുംബവും വിദ്യാഭ്യാസസ്ഥാപനങ്ങളും മറ്റ് സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക സ്ഥാപനങ്ങളും ഏകോപിച്ചു പ്രവർത്തിച്ചെങ്കിൽ മാത്രമേ കുട്ടികളുടെ വ്യക്തിത്വവികസനം കുറേയൊക്കെ സ്വതന്ത്രവും, അർത്ഥപൂർണ്ണവുമാവുകയുള്ളൂ" ഡോ. കരീം നിർദ്ദേശിക്കുന്നു.




## സാമൂഹ്യജീവിതത്തിനിണങ്ങിയ വിദ്യാഭ്യാസം?


***ഇ**ന്നത്തെ വിദ്യാഭ്യാസം ഭൂമിശാസ്ത്രപരവും, സാംസ്കാരികവുമായ ഘടകങ്ങളോട് നീതി പുലർത്തുന്നുണ്ടോ? പഠനവിഷയങ്ങളെല്ലാം തന്നെ ജീവിതസാഹചര്യങ്ങളോട് പൊരുത്തപ്പെട്ടു നിൽക്കുന്നുണ്ടോ?*

"**ഒ**രു വിദേശ രാജ്യത്തിൽ നിന്നു വേരോടെ പിഴുതെടുത്തു ഇവിടെ നനച്ചു വളർത്തിയതാണു ആധുനിക ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായം." എന്ന് ഡോ. കരീം കുറ്റപ്പെടുത്തുന്നു. അതാണ് അതിൻെറ ഇന്നും വിട്ടുമാറാത്ത ദൗർബ്ബല്യവും. ഭൂമിശാസ്ത്രപരമായി മദ്ധ്യധരണ്യാഴി പ്രദേശത്തെ സംസ്കാരത്തിലാണു അതിൻെറ അടിവേര്. സാംസ്കാരികമായി അതിൻെറ ആത്മാവ് ആംഗ്ലോ-സാക്സനാണ്. ഭാഷാപരമായി അതിൻെറ കൂറ് ഏറെ ഇംഗ്ലീഷ് ഭാഷയോടാണ്. ചട്ടിയിൽ നട്ടുവളർത്തിയ ഒരു ചെടിപോലെയാണത്. അതിൻെറ സ്ഥാപകനേതാവായ തോമസ് ബാബിങ്ടൺ മെക്കോളയുടെ പ്രേതം ഇന്നും അതിൽ കുടികൊള്ളുന്നു. അദ്ദേഹം തൻെറ സു(കു)പ്രസിദ്ധമായ മിനിറ്റിൽ പ്രസ്താവിച്ചതുപോലെയുള്ള ഒരു അഭ്യസ്തവിദ്യരായ പ്രത്യേകവർഗ്ഗത്തെ വളർത്തിയെടുക്കാൻ മാത്രമേ ഈ വിദ്യാഭ്യാസസമ്പ്രദായം ഏറെക്കുറേ ഇന്നും സഹായിക്കുന്നുള്ളൂ എന്നതു ഒരു ദുഃഖസത്യമാണ്."

തികച്ചും വ്യത്യസ്തമായൊരു അഭിപ്രായമാണ് ശ്രുതിക്കുള്ളത്. "ഇന്നത്തെ ബിരുദധാരി അവൻെറ മാതൃഭാഷയുടേയും, ഭൂമിശാസ്ത്രത്തിൻേറയും, സാംസ്കാരിക ഘടകങ്ങളുടേയും അടിമയല്ല. അവൻെറ ലോകം പണ്ടത്തേതിലും വിസ്തൃതമാണ്. സങ്കുചിതത്വമുണ്ടാക്കുന്ന ഘടകങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതില്ല."

സ്വന്തം നാടിനേയും, സംസ്കാരത്തേയും അഭിമാനത്തോടെ വീക്ഷിക്കുന്ന സ്നേഹപ്രഭയ്ക്ക് മാതൃഭാഷയെ അവഗണിക്കുന്ന ആധുനികരീതിയോട് തീരെ യോജിപ്പില്ല.

മനഃശാസ്ത്ര അദ്ധ്യാപകനും, ഇപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസ്റ്റൻറ് എജുക്കേഷ



ന്റെ ഡയറക്ടറുമായ കെ. കുഞ്ഞികൃഷ്ണൻ പറയുന്നു. "സാമൂഹ്യ പ്രതിബദ്ധതയുള്ള, സ്വഭാവദാർഢ്യമുള്ള, വ്യക്തിത്വ വികസനത്തെ സഹായിക്കുന്ന സ്വതന്ത്ര മനോഭാവമുള്ള, കാഴ്ചപ്പാടുണ്ടാക്കാൻ സഹജീവികളോട് കാരുണ്യം വളർത്തിയെടുക്കേണ്ടതത്യാവശ്യമാണ്. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസം ഇതെല്ലാം വളർത്തിയെടുക്കുന്നതിൽ പരാജയമാണ്."

കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനായ മാത്യൂസ് നമ്പേലി മാതൃഭാഷയോടുള്ള വിദ്യാഭ്യാസ വിചക്ഷണരുടെ അവഗണനയെ വികാരപരമായ രീതിയിൽ പ്രതികരിക്കുകയുണ്ടായി. "ഈ വിദ്യാഭ്യാസം മാതൃഭാഷയോട് യാതൊരുവിധ നീതിയും പുലർത്തുന്നില്ല. ആത്മവിശ്വാസം വളർത്തുന്നതിന് കൈകാര്യം ചെയ്യുന്ന ഭാഷയിലുള്ള അറിവ് അത്യാവശ്യമാണ്."


കെ.ജെ. ബേബി സൂചിപ്പിക്കുന്നു. "ജീവിത സാഹചര്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത വിദ്യാഭ്യാസമാണ് ഇന്നുള്ളത്. നമ്മുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നില്ല. രക്ഷിതാക്കളോട് സംശയം ചോദിച്ചാൽ കുട്ടികളുടെ സംശയനിവാരണത്തിന് അവർ താല്പര്യം കാണിക്കുന്നില്ല. വിദ്യാലയങ്ങളിൽ ചെന്നാൽ സംശയം ചോദിക്കാൻ അവകാശമില്ല." കുട്ടികളിൽ അന്തർലീനമായിക്കിടക്കുന്ന കഴിവുകളെ മുരടിപ്പിച്ചുകളയുന്ന ആധുനിക വിദ്യാഭ്യാസരീതികളുടെ ഭീകരതകളെ അദ്ദേഹം ഭയപ്പെടുന്നു.

ഗോപാലകൃഷ്ണനും, വിജയലക്ഷ്മിയും ധരിപ്പിക്കുന്നു: "പഠനവിഷയങ്ങൾ ജീവിത സാഹചര്യങ്ങളോട് എത്രത്തോളം 'പൊരുത്തപ്പെട്ട് കിടക്കുന്നു' എന്നതിനു പകരം 'ബന്ധപ്പെട്ടു കിടക്കുന്നു' എന്നാക്കേണ്ടതുണ്ട്. കാരണം പഠനവിഷയങ്ങൾ ജീവിത സാഹചര്യങ്ങളിൽനിന്നുതന്നെയാണ് കണ്ടെത്തേണ്ടത്. എങ്കിൽ മാത്രമേ വിദ്യാഭ്യാസം ജീവിതാഭ്യാസമാവൂ; ജീവിതാധിഷ്ഠിതമാവൂ. നമ്മുടെ മക്കൾക്കു കൊടുക്കേണ്ട ജീവിത പരിശീലനത്തിന്റെ കരുക്കൾ യഥാർത്ഥ ജീവിതസാഹചര്യത്തിൽ നിന്നുതന്നെ കണ്ടെത്തിക്കൊടുക്കണം. അല്ലാത്തൊരു 'വിദ്യാഭ്യാസം' ഇവിടെ അരങ്ങുതകർക്കുന്നതുകൊണ്ടാണ് അശരണരും, ആലംബഹീനരും, ആത്മഹത്യാപ്രവണതയുള്ളവരും, അക്രമികളും, അഴിഞ്ഞാട്ടക്കാരും സമൂഹത്തിൽ പെരുകിപ്പെരുകി വരുന്നത്."

കെ.എ. ജലീൽ: "പ്രാഥമിക ജീവിതവും, സംസ്കാരവുമാണ് വിദ്യാഭ്യാസത്തിന്റെ പ്രഭവസ്ഥാനം. അത് എന്നും അങ്ങിനെതന്നെ ആയിരിക്കേണ്ടതാണ്. എന്നാൽ ഇന്നങ്ങിനെയല്ല. മാത്രമല്ല പലതുകൊണ്ടും അന്യവത്കരണം സംഭവിച്ചിരിക്കുന്നു. വിദ്യാഭ്യാസം ജീവിതത്തിൽ നിന്നും യാഥാർത്ഥ്യത്തിൽ നിന്നും വളരെ അകന്നിരിക്കുന്നു. അതിനാൽ വിദ്യാർത്ഥികളിൽ യാഥാർത്ഥ്യബോധം വളരെ കുറവാണ്. ഏതോ ഒരു സ്വപ്നലോകത്തിനുവേണ്ടി പഠിക്കുകയും സമയം ചിലവഴിക്കുകയും ചെയ്യുന്നു."

## വികസനപ്രക്രിയയുമായെന്ത് ബന്ധം?

*ഒരു രാജ്യത്തിന്റെ വളർച്ചയും, പുരോഗതിയും സാമ്പത്തികനിലയും, വികസനപ്രക്രിയയുമെല്ലാം ആ രാജ്യത്തെ പൗരന്മാരെ ആശ്രയിച്ചുകൊണ്ട് നിലകൊള്ളുന്ന ഒന്നാണ്. രാഷ്ട്രത്തിന്റെ ജനത വിദ്യാസമ്പന്നരാവുന്നതിനോടൊപ്പം തന്നെ ആ രാജ്യത്തിന് ആഗോളരാഷ്ട്രങ്ങളുടെ മുമ്പിൽ അന്തസ്സുറ്റ സ്ഥാനം ലഭിക്കുന്നു. വിദ്യാഭ്യാസം മനുഷ്യന്റെ വ്യക്തിത്വവികസനത്തേയും ചിന്താമണ്ഡലത്തേയും എല്ലാം അനുകൂലമായി പരിപോഷിപ്പിക്കുന്നത്കൊണ്ടാണിത്. രാജ്യത്തിന്റെ വിദ്യാഭ്യാസനയങ്ങളും അത് നടപ്പിൽ വരുത്തുന്നതിലെ പാളിച്ചകളും ഒരു രാജ്യത്തിന്റെ വികസനപ്രക്രിയയുമായി ബന്ധപ്പെട്ടുനിൽക്കുന്നുണ്ടോ? സംസ്കാരത്തിന്റെ ബാലപാഠങ്ങൾ അശാസ്ത്രീയമായി രൂപപ്പെടുത്തുകയും വളരെ വികലമായി ആസൂത്രണം ചെയ്യുന്നത് കാരണമാണ് അത് ജനഹിതമാകാതെപോകുന്നത്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ സാർത്ഥകമാകുന്നത് അത് നടപ്പിൽ വരുത്തുന്ന രീതികളിലൂടെയാണ്. ആസൂത്രണരേഖകളും ലക്ഷ്യങ്ങളും കടലാസിൽ കിടന്നത്കൊണ്ട് ഒരിക്കലും അതിന്റെ ഗുണം ലഭിക്കില്ലല്ലോ.*



ഒരു രാജ്യം എന്തിനാണൊരു വിദ്യാഭ്യാസനയം രൂപപ്പെടുത്തുന്നത്?" ചോദിക്കുന്നത് മറ്റാരുമല്ല സാരംഗിൻെറ സാരഥികൾ. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ നഖശിഖാന്തം എതിർക്കുന്ന അവർക്ക് ചിലത് പറയാനുണ്ട്. "ഒരു രാഷ്ട്രത്തിൻെറ അംശമാണ് താനെന്നബോധംവരും തലമുറയ്ക്കുണ്ടാകാൻ, ആ അടിത്തറയിൽ നിന്നുമുണ്ടാവുന്ന മൂല്യബോധത്തിൽനിന്നും രാഷ്ട്രത്തിൻെറ ഭാവിനയങ്ങൾ രൂപപ്പെടുത്താൻ സ്വന്തം പാരമ്പര്യങ്ങളുടെ പിന്തുടർച്ചയായ സംസ്ക്കാരത്തെകുറിച്ച് പുതിയ പുതിയ കാഴ്ചപാടുകളുണ്ടാക്കാൻ, സാധിക്കുന്നതരത്തിലുള്ള ഒരു വിദ്യാഭ്യാസം നമുക്ക് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ? സമയബന്ധിതമായ ഒരാസൂത്രണവിദ്യ നമുക്കുണ്ടോ? ചൊട്ടയിൽ പരിശീലിക്കാത്ത ചിട്ടവട്ടങ്ങൾ ചുടലയിൽ ചെല്ലുംവരെ നമ്മെ ശല്ല്യം ചെയ്യുന്നു. നമുക്ക് സ്വന്തമായ ആസൂത്രണമില്ലാത്തതുകൊണ്ട് അയൽക്കാരൻെറ തോന്ന്യാസത്തിലാണ് കാര്യങ്ങളോടുന്നതെന്നും നമ്മളറിയണം."



ഇതിൽ നിന്ന് വിരുദ്ധമായ അഭിപ്രായമാണ് പ്രൊഫ. കെ.എ. ജലീലിനുള്ളത്. അദ്ദേഹത്തിൻെറ വീക്ഷണത്തിൽ വിദ്യാഭ്യാസത്തിന് രാജ്യത്തിൻെറ വികസനപ്രക്രിയയുമായി അഗാധമായ ബന്ധമുണ്ട്. പക്ഷേ അത് സ്ഥാപിക്കുന്നതിലും നിലനിർത്തുന്നതിലും ഇന്നത്തെ വിദ്യാഭ്യാസരീതി വേണ്ടത്ര ഉപകരിക്കുന്നില്ല. രാജ്യത്തിന് ആവശ്യമായ സേവകന്മാരെ സൃഷ്ടിക്കുന്നതിനു പകരം ഒരു തൊഴിലും ചെയ്യാൻ പറ്റാത്ത വിധത്തിലും, ഒന്നിലും പ്രത്യേക വൈവിധ്യം നേടാത്ത തരത്തിലുമാണ് ഇപ്പോൾ കുട്ടികൾ വളർന്നു വന്നിട്ടുള്ളത്. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസത്തെ പൂർണമായും പിന്തള്ളാൻ പ്രൊഫ. കെ.എ. ജലിൽ തയ്യാറല്ല. പുതിയ സാഹചര്യങ്ങളിൽ ഏതെങ്കിലും വിധത്തിൽ പൊരുത്തപ്പെട്ടുപോകാനുള്ള കഴിവ് ഇന്നത്തെ തലമുറയ്ക്കുണ്ട്. വിദ്യാഭ്യാസം അതിൻെറ തത്വത്തിലും നടത്തിപ്പിലുമെല്ലാം അർത്ഥവത്തായ രീതിയിൽ സമയോജിതമായ മാറ്റങ്ങൾക്ക് വിധേയമാകേണ്ടതിൻെറ ആവശ്യകതയിൽ ഊന്നൽ നൽകികൊണ്ടുള്ള ഒരു മാറ്റത്തിന് ഇനിയും വൈകുന്നതിനെകുറിച്ച് പ്രൊഫ. കെ.എ. ജലീൽ ആശങ്കപ്പെടുന്നു.


ഒരു അദ്ധ്യാപിക എന്ന നിലയിൽ സ്നേഹപ്രഭയ്ക്ക് പറയാനുള്ളത്, രാഷ്ട്രീയവൽക്കരിക്കപ്പെടുന്ന വിദ്യാഭ്യാസത്തെകുറിച്ചാണ്. സർക്കാർ ജനഹിതമെന്ന വ്യാജേന, നടപ്പിൽ വരുത്തുന്ന പരിഷ്കാരങ്ങൾ ജനദ്രോഹപരമായാണ് പരിണമിക്കുന്നത്. രാഷ്ട്രത്തിൻെറ സംസ്കാരികമായ മൂല്യച്യുതിക്ക് തന്നെ കാരണം ഇന്നത്തെ വിദ്യാഭ്യാസനയത്തിൻെറ പാളിച്ചകളാണ് എന്നാണ് അവരുടെ അഭിപ്രായം. ജനാധിപത്യബോധവും, ധാർമ്മികബോധവും കുട്ടികളിൽ വളർത്തിയെടുക്കുന്നതിൽ നമ്മുടെ വിദ്യാഭ്യാസനയം പരാജയപ്പെട്ടിരിക്കുകയാണ്. തൊഴിൽ സാധ്യതയുടെ പേരുപറഞ്ഞ് നടപ്പിലാക്കുന്ന ടൂറിസം പോലുള്ള പല വികലമായ വികസനപരിപാടികൾ സർക്കാരിൻെറ കൊള്ളരുതായ്മയ്ക്ക് ഉദാഹരണമാണ്." സ്നേഹപ്രഭ കരുതുന്നു. നമ്മുടെ വിദ്യാഭ്യാസം ഒന്നിനോടും നീതിപുലർത്തുന്നില്ല. ചീഞ്ഞ്നാറികൊണ്ടിരിക്കുന്ന ഇന്നത്തെ അവസ്ഥ തീർത്തും മാറേണ്ടതുണ്ട് എന്ന അഭിപ്രായത്തിൽ ശക്തമായി വിശ്വസിക്കുന്നു, കെ. കുഞ്ഞികൃഷ്ണൻ. പാശ്ചാത്യവൽക്കരണത്തിൻെറ ഒരു ഭാഗം മാത്രമായ വിദ്യാഭ്യാസനയം സമൂലമായ മാറ്റത്തിന് വിധേയമാക്കേണ്ടതുണ്ടെന്ന് അദ്ദേഹം കരുതുന്നു.

മനുഷ്യമനസ്സുകളെ കുറിച്ച് ശാസ്ത്രീയമായ വിശകലനം നടത്തുന്ന ഡോ. ജെ. ബേബി പ്രാഥമിക തലത്തിൽ നിന്നുതന്നെ പുനർനിർമാണം ആവശ്യമാണ് എന്ന പക്ഷക്കാരനാണ്. "ഭൂരിപക്ഷം പിൻതുടരുന്ന പരീക്ഷ സമ്പ്രദായം വിദ്യാർത്ഥികളോട്, നിങ്ങൾ ഒന്നിനും കൊള്ളരുതാത്തവരാണ് എന്ന് പറയുന്നു. റാങ്കിന് കൂടുതൽ മഹത്വം കൽപ്പിക്കുന്ന നമ്മുടെ വിദ്യാഭ്യാസം മനുഷ്യനിലെ സർഗാത്മകവാസനകളെ തരം താഴ്ത്തി കാണിക്കുന്നു. പഠനരീതികളിലെ വൈകല്യങ്ങൾ കാരണം ജയിക്കാനുള്ള മാർക്ക് കൂടെ ലഭിക്കാതെ 40% പേർ തോൽക്കുന്നത്. 'കനവ്' പോലെയുള്ള സ്ഥാപനങ്ങൾ ചെയ്യുന്ന ധീരമായ മുന്നേറ്റത്തെ ബേബി വിലമതിക്കുന്നു. വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തിയാൽ ഇത്രയധികം മാനവശേഷിയുള്ള നമുക്ക് ഏത് മേഖലയിൽ വേണമെങ്കിലും മുന്നേറ്റം നടത്താൻ സാധിക്കും. എന്നാൽ ഇതുവരെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഒരു വികസനനയം രൂപപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല. കാലിക്കറ്റ് സർവ്വകലാശാല യൂനിയൻ ചെയർമാൻെറതാണ് ഈ അഭിപ്രായം. വിദ്യാർത്ഥികളുടെ അഭിരുചിക്കനുസൃതമായി അവർ ആഗ്രഹിക്കുന്ന മേഖലയിൽ ഉയർന്നുവരുവാനുള്ള സൗകര്യമില്ല. വളരേയേറെ വികസനങ്ങൾക്ക്, പ്രേരകഘടകങ്ങളാകുന്ന മനുഷ്യശേഷിയാണ് ഇവിടെ ചോർന്ന്പോകുന്നത്.



ഒരു രാഷ്ട്രത്തിൻെറ സമ്പത്ത് അവിടുത്തെ ജനതയാണല്ലോ, ആ സമ്പത്തിനെ അനുയോജ്യമായി ഉപയോഗപ്പെടുത്താൻ ഉപകരിക്കുന്ന തരത്തിലായിരിക്കണം വിദ്യാഭ്യാസനയം. വർത്തമാനകാല സാഹചര്യങ്ങൾ വിശകലനം

ചെയ്യുമ്പോൾ ഇന്നത്തെ പല വൈകല്യങ്ങളുടേയും വേര് ചെന്നെത്തുന്നത് വിദ്യാഭ്യാസനയങ്ങളിലേക്കാണ്. "ഇന്നത്തെ പൗരന്റെ സങ്കുചിതമായ കാഴ്ചപ്പാടും ഗ്രൂപ്പിസവും സമഗ്രമായ വീക്ഷണവിശേഷമില്ലായ്മയും അവരെ വാർത്തെടുത്ത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പരിണിതഫലമാണ് എന്നാണ് ശ്രുതിയുടെ അഭിപ്രായം. സ്വതന്ത്രഇന്ത്യയുടെ വികസനപ്രക്രിയ നാമിന്നറിയുന്നതുപോലെ വിനാശകരമായി പാളിപ്പോയതിനുള്ള മൂലകാരണം ഭരണസംവിധാനത്തിന്റെയും വിദ്യാഭ്യാസസമ്പ്രദായത്തിന്റെയും അപര്യാപ്തതയാണെന്നാണ് എൻ.എ. കരീം വിലയിരുത്തുന്നത്. അവയെ അർത്ഥപൂർണ്ണമായി പരിഷ്കരിച്ചു സ്വതന്ത്ര ഇന്ത്യയുടെ വികസനലക്ഷ്യങ്ങളുമായി കൂട്ടിയിണക്കുവാൻ നമുക്കു കഴിഞ്ഞില്ല. ഭരണം ഏറെക്കുറെ പഴയ കൊളോണിയൽ പാതയിലൂടെ നീങ്ങിനീങ്ങിയപ്പോൾ വിദ്യാഭ്യാസം അതിന്റെ കാലഹരണപ്പെട്ട കോച്ചുകളുമായി പഴകിദ്രവിച്ച പാളത്തിലൂടെ അണപൊട്ടിയൊഴുകിയ വികസനാഭിനിവേശങ്ങൾക്കു ഫലപ്രദമായി ഒഴുകുവാൻ ചാലുകൾ കീറിക്കൊടുക്കാതിരന്നതുകൊണ്ടു അവയെല്ലാം വ്യർത്ഥതയുടേയും സ്വാർത്ഥതയുടേയും മണൽപരപ്പുകളിൽ വറ്റിവരണ്ടുപോയി. ഇതാണു ഇന്ത്യയുടെ ശോചനീയമായവർത്തമാനകാല യാഥാർത്ഥ്യം" കരീം വ്യക്തമാക്കുന്നു.




## പ്രൊഫഷണൽ കോഴ്സ് = ആധുനികവിദ്യാഭ്യാസം?

*പ്രൊഫഷണൽ കോഴ്സുകളോട് ഇന്ന് അമിതമായ ആഭിമുഖ്യം വെച്ചുപുലർത്തുന്നവരാണ് നമ്മൾ. ജീവിതഭദ്രതയാണ് പലരും ഇന്ന് വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. മുതൽ മുടക്കുന്ന പണം തിരിച്ചുകിട്ടുമെന്ന വിശ്വാസത്തോടെയാണ് രക്ഷിതാക്കൾ മക്കളുടെ പഠനത്തിന് ലക്ഷങ്ങൾ മുടക്കുന്നത്. പലിശയ്ക്ക് പണം കൊടുക്കുന്ന ഏർപ്പാടുപോലെ സ്വന്തം മക്കളെ കറവപശുക്കളാക്കുന്നു. തൊഴിലധിഷ്ഠിത കോഴ്സുകളോടുള്ള അമിതമായ ആഭിമുഖ്യം കേരളീയരുടെ ദൗർബല്യമായിരിക്കുന്നു. പുതു വിദ്യാഭ്യാസം പ്രൊഫഷണൽ കോഴ്സുകൾ മാത്രമാണോ?*

തൊഴിൽ കിട്ടിയാൽ പണം കിട്ടും പണം കിട്ടിയാൽ എല്ലാം കിട്ടിക്കോളും എന്ന പുതിയ മൂല്യബോധമാണ് തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് അമിതപ്രാധാന്യം കിട്ടുവാനുള്ള കാരണമെന്നാണ് ഗോപാലകൃഷ്ണനും, വിജയലക്ഷ്മിയും പറയുന്നത്. "പ്രൊഫഷണൽ കോഴ്സുകൾ കൊണ്ട് പണമോഹികളായ കുറേ തൊഴിലാളിപ്പരിഷകളെ പടച്ചിറക്കാം. അവരുടെ വിലപേശലിൽ പാവങ്ങളുടെ നാണവും മാനവും വിൽക്കാം. പ്രൊഫഷണൽ കോഴ്സുകളിൽ കൂടി കടന്നുപോകുന്ന മനസ്സുകൾ മരവിച്ചു മന:സാക്ഷിയറ്റവരും, സർഗവാസനകളെ വന്ധീകരിച്ചവരുമായിത്തീരുന്നു. ജീവിതത്തെ ഭാഗികമായി കാണുന്നവരും തന്റെ വീഴ്ചകളിൽ ന്യായീകരണം കണ്ടെത്താൻ സാമർത്ഥ്യമുള്ളവരുമായിത്തീരുന്നു." ഈ അഭിപ്രായത്തോട് കെ.ജെ. ബേബിക്കും യോജിപ്പാണുള്ളത്. "അപ്പം സംഘടിപ്പിക്കാനുള്ള ശ്രമത്തിലാണ് ഇന്നത്തെ വിദ്യാർത്ഥികൾ." പ്രൊഫഷണൽ കോഴ്സുകൾ സ്വതസിദ്ധമായ താല്പര്യങ്ങൾ വളർത്തിയെടുക്കുന്നതിൽ തടസ്സം നിൽക്കുന്നുണ്ട് എന്ന് തന്നെയാണ് ഇവരുടെ പക്ഷം.




ഇന്ന് എല്ലാവർക്കും സമ്പത്ത് വേണം. എല്ലാവരും പണത്തിന് പിന്നാലെയാണ് എന്ന് മന:ശാസ്ത്ര അധ്യാപകനായ ബേബിയുടെ അഭിപ്രായം. നമ്മൾ ഗാന്ധിജിയുടെ മഹത്തായ ആദർശങ്ങൾ ചെവികൊണ്ടിരുന്നെങ്കിൽ ഇന്ന് ഈ അവസ്ഥയുണ്ടാവില്ലായിരുന്നു എന്ന് ബേബി പറയുന്നു. പ്രൊഫഷണൽ കോഴ്സുകളോടുള്ള അഭിമുഖ്യം ശരിയായ പ്രവണതയല്ല എന്നാണ് മാത്യുസിന് തോന്നുന്നത്. പക്ഷേ ഈ പ്രവണത വളർത്തി എടുക്കുന്നതിന് സമൂഹം അതിന്റേതായ പങ്ക് വഹിക്കുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനു വഴങ്ങേണ്ടിവരുന്ന സ്വന്തം ആഗ്രഹങ്ങളെ ബലികഴിക്കുന്ന വിദ്യാർത്ഥികളുടെ ദയനീയചിത്രമാണ് നമുക്കു മുന്നിലുള്ളത്. മാത്യുസ്സിന് നിർദ്ദേശിക്കാനുള്ള ഒരു പരിഹാരം ജോലിസാധ്യതയുള്ള കൂടുതൽ കോഴ്സുകൾ ആരംഭിക്കണമെന്നാണ്.

"ഇന്ന് ശരിയായ വിദ്യാഭ്യാസം നടക്കുന്നത്, വിദ്യാലയങ്ങളിലല്ല, എൻട്രൻസ് കോച്ചിങ് കേന്ദ്രങ്ങളിലും ട്യൂഷ്യൻ സെന്ററിലുമാണ്" സ്നേഹപ്രഭ പറഞ്ഞു: "പ്രൊഫഷണൽ കോഴ്സുകൾ വെറും കച്ചവടമനോഭാവം ഉണ്ടാക്കാനെ ഉപകരിക്കൂ. എൻട്രൻസ് ജ്വരത്തിന് പിന്നാലെയാണ് ഇന്നത്തെ സമൂഹം. ഇന്ന് വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും സംശയങ്ങൾ ദൂരീകരിക്കാൻ നമുക്ക് നല്ല മാർഗ്ഗനിർദ്ദേശകേന്ദ്രങ്ങൾ പോലുമില്ല."

എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായ അഭിപ്രായമാണ് പ്രൊഫ. ജലീലിനും, ശ്രുതിക്കും. കാര്യങ്ങളെ കുറച്ചു കൂടെ പ്രായോഗികമായി കാണാനാണ് ഇവർക്കിഷ്ടം. പ്രൊഫഷണൽ കോഴ്സുകൾക്ക് നല്കുന്ന അമിതപ്രാധാന്യം സ്വാഗതാർഹമാണ് എന്നാണ് രണ്ടുപേർക്കും പറയാനുള്ളത്. വിദ്യാർത്ഥി വിദ്യാഭ്യാസകാലം കഴിയുമ്പോഴേക്ക് ഒരു തൊഴിലിൽ വൈദഗ്ധ്യം നേടുന്നു. ഒരു വിഷയത്തിൽ തല്പരനായ വിദ്യാർത്ഥിയെ അതിൽത്തന്നെ പ്രായോഗി

കപരിചയം ഉള്ളവനാക്കിത്തീർക്കുന്നത് നല്ലതാണ് എന്ന് പറയുമ്പോൾ തന്നെ താല്പര്യമില്ലാത്ത വിഷയങ്ങൾ പഠിക്കാൻ വിദ്യാർത്ഥികളെ നിർബന്ധിക്കുന്നത്, പ്രോത്സാഹിപ്പിക്കാൻ കഴിയില്ല എന്ന് ശ്രുതിയുടെ പക്ഷം. മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് എല്ലാ തൊഴിലിനും വൈദഗ്ധ്യം ആവശ്യമാണ്. പരിശീലനം വളരെ അത്യാവശ്യമാണ്. അത് മനുഷ്യപുരോഗതിയുടെ മാർഗ്ഗം തന്നെയാണ് എന്നാണ് പ്രൊഫസർ ജലീൽ കരുതുന്നത്. "ഡോക്ടറും എൻജിനീയർമാരും മാത്രമല്ല, വക്കീലും, ഓഡിറ്റർമാരും, സാമ്പത്തികവിചക്ഷണരും വേണം. വാണിജ്യം, വ്യാപാരം, വ്യവസായം എന്നീ മേഖലകളിലും പുതിയ കോഴ്സുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്". പ്രൊഫഷണൽ കോഴ്സുകൾക്ക് ഊന്നൽ കൊടുക്കുന്നതിനോടൊപ്പം തന്നെ മാനവിക അടിത്തറ എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കണം എന്നാണ് ജലീലിന്റെ ആഗ്രഹം. എല്ലാവർക്കും എല്ലാറ്റിനെകുറിച്ചുമുള്ള അടിസ്ഥാനപരമായ കാര്യങ്ങൾ അറിഞ്ഞിരിക്കണം".

## നൂതന സാങ്കേതികവിദ്യകളുടെ വിദ്യാഭ്യാസം

*ഇന്നത്തെ പഠനരീതികളിൽ വന്നിട്ടുള്ള മാറ്റങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്ന് കംപ്യൂട്ടർ, സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ തുടങ്ങിയവയുടെ വ്യാപകമായ ഉപയോഗമാണ്. ആധുനിക പഠനസൗകര്യത്തിന് ഇവയ്ക്ക് എത്രത്തോളം സാധ്യതകളുണ്ട്?*

കെ.ജെ.ബേബിയുടെ അഭിപ്രായത്തിൽ വ്യക്തി വ്യക്തിയുമായുള്ള ആശയവിനിമയവും പഠനവും കൂടുതൽ ഫലപ്രദമാക്കുവാൻ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ കൂടുതൽ ഉപകാരപ്രദമാണെന്നാണ്. കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി കൊടുക്കാൻ കഴിയുന്നതിനേക്കാളേറെ വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാകുന്നത് നല്ല ഡോക്യുമെൻററികളും സിനിമകളും ഒക്കെതന്നെയായിരിക്കുമെന്ന് ബേബി പറയുന്നു. ശ്രുതിയുടെ അഭിപ്രായം ഉന്നതപഠനത്തിന് ദൃശ്യശ്രാവ്യമാധ്യമങ്ങൾ വളരെ ഫലപ്രദമാകുന്നുണ്ടെങ്കിലും താഴെ ക്ലാസുകളിൽ ഇവകൊണ്ട് പറയത്തക്ക പ്രയോജനമൊന്നുമില്ലെന്നാണ്. പരമ്പരാഗത തിയറി ക്ലാസ്സുകൾ ഇന്ന് അനാവശ്യമാണെന്ന് വിശ്വസിക്കുന്ന മാത്യൂസ് നമ്പേലിയുടെ അഭിപ്രായം, അറിവിൻെറ കാര്യത്തിൽ അധ്യാപകനും വിദ്യാർത്ഥിയും ഇന്ന് തുല്യരാണെന്നാണ്. അതുകൊണ്ടു തന്നെ പരമ്പരാഗത വ്യാഭ്യാസ സമ്പ്രദായങ്ങൾ കൂടുതൽ മടുപ്പുളവാക്കുന്നവയാണത്രേ. സിദ്ധാന്തക്ലാസ്സുകൾ കൂടുതൽ സജീവമാക്കണമെങ്കിൽ ഇന്ന് ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിക്കണം. എന്ന പക്ഷക്കാരനാണ് മാത്യൂസ്. സാങ്കേതികവിദ്യയുടെ വളർച്ച ആർക്കും തന്നെ പിടിച്ച് നിർത്താനാവില്ലെന്നും അത് കുതിച്ചുയർന്നുകൊണ്ടിരിക്കുമെന്നും കരുതുന്ന ജെ. ബേ ബി ഡോക്യുമെൻററി ഫിലിം, കമ്പ്യൂട്ടർ എന്നിവ ഉപയോഗിക്കുകയാണെങ്കിൽ അവതന്നെയാണ് പഠിപ്പിക്കുന്നതിനുള്ള ഏറ്റവും ശക്തമായ മാധ്യമമെന്ന് നിർദ്ദേശിക്കുന്നു. ടി.വി. സാറ്റലൈറ്റ് മുതലായവ കൂടുതൽ മാനവീയമായ് ചെയ്യാൻ കഴിയുന്നതിലാണ് വിജയം എന്നു പറയുമ്പോഴും സാങ്കേതികവിദ്യ അതിൻെറ പരമോന്നതിയിലെത്താൻ അമേരിക്കയിലെയും മറ്റും വികസിത രാഷ്ട്രങ്ങളിലെയും പോലെ, അവസാനം നാം കാട്ടിലേക്ക് തന്നെ തിരിച്ചുപോകുന്ന അവസ്ഥ വരുമെന്നും കെ.ജെ. ബേബി സമ്മതിക്കുന്നു. കെ. കുഞ്ഞികൃഷ്ണൻ ഉയർന്ന സാങ്കേതിക സൗകര്യങ്ങളുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒരദ്ധ്യാപകൻെറ ആവശ്യമേ ഇല്ലെന്ന് വിശ്വസിക്കുന്ന വ്യക്തിയാണ്. അവിടെ വിദ്യാർത്ഥികൾ സ്വയം പഠനം നടത്തുന്നുവെന്നും അദ്ധ്യാപകരാവട്ടെ അദ്ധ്യാപനം ഒരു തൊഴിലായി സ്വീകരിച്ചവർ മാത്രമായി മാറുന്നുവെന്നും അഭിപ്രായപ്പെടുന്നു. സ്വയം വികസനത്തിനുള്ള ഒരു മാർഗ്ഗമായി വിദ്യാഭ്യാസം വളരുന്നതിന് ക്ലാസ്മുറിയും പുസ്തകവുമൊന്നും ആവശ്യമല്ലെന്നും മറിച്ച്, അറിവ് മറ്റൊരു രീതിയിലൂടെ ലഭിച്ചാൽ മാത്രം മതിയെന്നും വിശ്വസിക്കുന്നു കുഞ്ഞികൃഷ്ണൻ. വിദ്യാഭ്യാസത്തിൽ വന്നിരിക്കുന്ന മാറ്റങ്ങളുടെ തുടർച്ചയായ് ഇത്തരം നൂതന ആവിഷ്കാരങ്ങളെ കാണുന്ന പ്രൊഫ. കെ.എ. ജലീൽ 'പഠിപ്പിക്കൽ' എന്ന പ്രവത്തിയുടെ അർ ത്ഥവും വ്യാപ്തിയും വളരെയധികം മാറിയിരിക്കുന്നു എന്നഭിപ്രായക്കാരനാണ്.



അദ്ധ്യാപനത്തെക്കുറിച്ച് അദ്ദേഹം പറയുന്നു: ''അദ്ധ്യാപകൻ വിജ്ഞാനത്തിൻെറ ഉടമ, വിദ്യാർത്ഥി അത് പങ്കുനേടാനാഗ്രഹിക്കുന്ന കക്ഷി എന്ന ധാരണകളെല്ലാം ഇന്ന് അടിമറഞ്ഞിരിക്കുന്നു. ഇന്നേത് വിദ്യാഭ്യാസവും ആരുടേയും വിരൽതുമ്പിലാണ്''. വളരെ സാധ്യതയുള്ള നൂതന സാങ്കേതികവിദ്യകളുടെ സാധ്യതകൾ എല്ലാ കലാലയങ്ങളിലും എത്രമാത്രം പ്രയോജനപ്പെടുത്താൻ കഴിയുമെന്ന ആശങ്കയാണ് സ്നേഹപ്രഭയ്ക്കുള്ളത്. ഇതിന് പ്രധാനകാരണമായി അവർ ചൂണ്ടിക്കാണിക്കുന്നത് നമ്മുടെ സാമ്പത്തിക പരാധീനതയേയാണ്. യു.ജി.സി. വിദ്യാഭ്യാസ പരിപാടികൾ വിദ്യാർത്ഥികൾ കാണുകയാണെങ്കിൽ വളരെയേറെ പ്രയോജനകരമാണെന്ന് കരുതുന്ന സ്നേഹപ്രഭ മിക്ക കലാലയങ്ങളിലും ഇത്തരം സംവിധാനങ്ങൾ ഇപ്പോഴും എത്തിയിട്ടില്ലെന്ന് പരാതിപ്പെടുന്നു. വിജയലക്ഷ്മിയും ഗോപാലകൃഷ്ണനും അഭിപ്രായപ്പെടുന്നതും കംപ്യൂട്ടർ സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ തുടങ്ങിയവരുടെ സാധ്യതകൾ അപാരവും അനന്യവുമാണെന്നാണ്.

## കലാലയങ്ങളിലെ അദ്ധ്യാപനം

*പറയത്തക്ക ഗവേഷണപരിചയമോ യാതൊരു പരിശീലനമോ സിദ്ധിക്കാതെയാണ് പലരും ബിരുദാനന്തര ബിരുദ കോഴ്സുകൾ കഴിഞ്ഞ് കലാലയങ്ങളിലേക്ക് അദ്ധ്യാപനവൃത്തിയിലേക്കിറങ്ങുന്നത്. ഈയൊരവസ്ഥ എപ്രകാരമായിരിക്കും വിദ്യാർത്ഥികളുടെ പഠിപ്പിനെ ബാധിക്കുന്നത്?*

വിജയലക്ഷ്മിയും ഗോപാലകൃഷ്ണനും അഭിപ്രായപ്പെടുന്നത്, പരിശീലനം കൊണ്ടുമാത്രം ഒരു സാദാ മനുഷ്യനെ അദ്ധ്യാപകനാക്കാൻ കഴിയില്ല എന്നാണ്. ജന്മവാസനകൊണ്ട് അദ്ധ്യാപകനായിട്ടുള്ളവന് പരിശീലനം കൂടി കിട്ടുമ്പോൾ അദ്ധ്യാപനം അനായാസമാകുന്നു, ബോധനം രസപ്രദമാകുന്നു. അവർ പറയുന്നു: ' 'അദ്ധ്യാപകൻെറ അടിസ്ഥാനഗുണം ജിജ്ഞാസ യാകുന്നു. അദ്ധ്യാപകനിൽ ഒരു ഗവേഷകനുണ്ട്. എന്നാൽ ഒരു ഗവേഷകനിൽ അദ്ധ്യാപകൻ ഉണ്ടായിക്കൊള്ളണമെന്നില്ല.'' സ്നേഹപ്രഭ പറയുന്നത്, അദ്ധ്യാപകരുടെ മേന്മയ്ക്ക് കൂടുതൽ പ്രാധാന്യം നല്കി പ്രാഗത്ഭ്യം ഉള്ളവരെയായിരിക്കണം തെരഞ്ഞെടുക്കേണ്ടത് എന്നാണ്. ''അദ്ധ്യാപകർ എന്നും വിദ്യാർത്ഥികൾക്കുള്ള ഒരു സഹായി ആയിരിക്കണം'' അതിനുള്ള പരിശീലനം അവർ സിദ്ധിക്കുകയും വേണമെന്ന അഭിപ്രായക്കാരനാണ് കെ.എ. ജലീൽ. അതുകൊണ്ടുതന്നെ എത്ര ഡിഗ്രി നേടിയാലും പരിശീലനം അത്യാവശ്യം തന്നെയാണെന്നും, അതാത് കാലത്തെ സാങ്കേതികനിലവാരത്തിനനുസരിച്ചുള്ള പരിശീലനമായിരിക്കണം ഒരദ്ധ്യാപകൻ നേടിയിയിരിക്കേണ്ടതെന്നും ജലീൽ പറയുന്നു. കെ. കുഞ്ഞികൃഷ്ണന് ഇതിൽനിന്ന് വിരുദ്ധമായ ഒരഭിപ്രായമാണുള്ളത്. ഉന്നതവിദ്യാഭ്യാസത്തിലെ അദ്ധ്യാപനത്തിൻെറ കാര്യത്തിൽ പരിശീലനത്തിൻെറ ആവശ്യം വേണ്ട എന്നദ്ദേഹം കരുതുന്നു. താഴ്ന്ന ക്ലാസ്സുകളിൽ മാത്രമാണ് ടീച്ചർ ഓറിയൻറഡ് എജ്യുക്കേഷൻ ആവശ്യമുള്ളതെന്ന് കുഞ്ഞികൃഷ്ണൻ കരുതുന്നു. പരിശീലനം ശരിയായവിധത്തിൽ ലഭിക്കാത്തവരെ അദ്ധ്യാപകന്മാരാക്കി നിയമിച്ചാൽ അത് വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കും എന്നു പറയുന്നതിലൊന്നും യാതൊരു അർത്ഥവുമില്ലെന്ന് വിശ്വസിക്കുന്ന കൂട്ടത്തിലാണ് ശ്രുതി പ്രഭാകരൻ. ജന്മനാ അദ്ധ്യാപനത്തിൽ താൽപര്യവും കഴിവും

വിഷയങ്ങളിൽ ജ്ഞാനവും ഉള്ളവന് ഇത്തരം യോഗ്യതകളൊന്നും ആവശ്യമില്ലെന്ന് ശ്രുതി വിശ്വസിക്കുന്നു. "അദ്ധ്യാപകൻ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. പക്ഷേ ഇവിടെ അതൊരു പ്രശ്നമല്ല" കെ.ജെ. ബേബി പറയുന്നു. വിദ്യാർത്ഥികൾക്ക് കാര്യങ്ങൾ നേരിട്ടറിഞ്ഞു പഠിക്കാൻ അവസരം കൊടുക്കുന്നതുകൊണ്ട് നല്ലൊരു വിദ്വാനാണെങ്കിൽ ഒരാൾക്ക് പരിശീലനമൊന്നും ആവശ്യമില്ലെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഇത്തരം കാര്യങ്ങളിലൊക്കെയാണ് നാം പാശ്ചാത്യരെ അനുകരിക്കേണ്ടതെന്ന അഭിപ്രായം കെ.ജെ. ബേബിയുടേതാണ്. അവിടെ അദ്ധ്യാപകനേക്കാൾ ഉയർന്ന ശമ്പളം ഒരു ഡ്രൈവറിനുള്ളതിനാൽ വളരെ താൽപ്പര്യമുള്ളവർ മാത്രമേ അദ്ധ്യാപനരംഗത്ത് കടന്ന് വരാൻ തയ്യാറാകൂ എന്ന് ബേബി വിശ്വസിക്കുന്നു. നല്ല അദ്ധ്യാപനം ഒരു സിദ്ധിയാണെങ്കിലും ബി.എഡ്. പോലുള്ള പരിശീലനകേന്ദ്രങ്ങൾ ടീച്ചിംഗ് സ്കിൽ വർദ്ധിപ്പിക്കാൻ വളരെ സഹായിക്കുമെന്ന് കെ.ജെ. ബേബി കരുതുന്നു. മാത്യൂസ് നമ്പേലി പറയുന്നത് പരിശീലനം ലഭിക്കാത്തവരെ അദ്ധ്യാപകരാക്കുന്ന രീതി ശരിയല്ലെന്നാണ്. നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക്പോലും മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് പരിശീലനം നൽകേണ്ടതാണെന്ന് മാത്യൂസ് നിർദ്ദേശിക്കുന്നു.

## ഇന്നത്തെ അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം

***സാമൂഹ്യബന്ധത്തിലെ, രണ്ട് പ്രാഥമിക കഥാപാത്രങ്ങളാണ് അദ്ധ്യാപകനും വിദ്യാർത്ഥിയും. പഠനത്തിന്റെ നിലവാരവും തോതും തീരുമാനിക്കുന്ന പ്രധാന സൂചകങ്ങളാണല്ലോ ഗുരുശിഷ്യബന്ധം. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങൾ, സാർത്ഥകമാക്കാനും, പഠനനിലവാരമുയർത്താനും, അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തിനുള്ള പങ്ക്, ഇന്ന് അവഗണിക്കുകയാണോ?***




നല്ല അദ്ധ്യാപകനാകാൻ പ്രശസ്തനോ ദൈവഭക്തനോ, സുന്ദരനോ ഒന്നും ആകേണ്ടതില്ല എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. നല്ല അദ്ധ്യാപകൻ, കുട്ടികൾക്ക് അറിവ് പങ്ക് വെയ്ക്കുന്നതിനൊപ്പം തന്നെ സ്വന്തം അറിവ് വർദ്ധിപ്പിക്കണം. കാലാനുസൃതമായ സംശയങ്ങളുടെ ദൂരീകരണം അപ്പോഴേ സാദ്ധ്യമാകൂ. അദ്ധ്യാപകനും വിദ്യാർത്ഥിയും രണ്ട് ധ്രുവങ്ങളിലേക്ക് സഞ്ചരിക്കുന്ന പ്രവണത തീർത്തും അപഹാസ്യമായ ഒന്നാണ്. നല്ല അദ്ധ്യാപകന് നല്ല വിദ്യാർത്ഥികളെ വാർത്തെടുക്കാനാവുമെങ്കിലും വിദ്യാർത്ഥികൾക്കും അവരുടേതായ ഉത്തരവാദിത്വങ്ങളുണ്ട്.

പഴയകാലത്ത് ഗുരുമുഖത്ത് നിന്നു വീഴുന്ന വാക്കുകൾ ശ്രദ്ധയോടെ കേട്ടിരിക്കുന്നവരായിരുന്നു ശിഷ്യന്മാർ. ഇന്ന് അദ്ധ്യാപകനും വിദ്യാർത്ഥിയും തുല്യസ്ഥാനത്താണോ? ഇവരുടെ ആരോഗ്യകരമായ ഇടപഴകലിലൂടെയാണ് യഥാർത്ഥ വിദ്യാഭ്യാസം നടക്കേണ്ടത് എന്നാണ് മാത്യുസിന്റെ അഭിപ്രായം. അദ്ധ്യാപക വിദ്യാർത്ഥിബന്ധത്തിന്റെ ദൃഢത ഇന്ന് കുറഞ്ഞുവരുന്നതിനുള്ള ഉത്തരവാദികൾ ഒരു പരിധിവരെ അദ്ധ്യാപകർതന്നെയാണോ?

“ഗുരുകുല ആദർശങ്ങളെ പറ്റി പറയുമ്പോൾ ഗുരു എന്ന നാമധേയം, ഇപ്പോൾ തീരെ ശോഷിച്ച സ്ഥിതിയിലാണെന്നും കാണാം. സ്നേഹിക്കുവാനും, ആദരിക്കുവാനും ആരേയും പഠിപ്പിക്കുവാൻ സാധിക്കുകയില്ല. രണ്ടുപേരുടെ ഇടയിലുള്ള ഗുണഭൂയിഷ്ഠമായ ബന്ധത്തിൽനിന്നു ഇവ രണ്ടും ഉണ്ടാകേണ്ടതാണ്. അപ്പോൾ മാത്രമെ, ഗുരുവും ശിഷ്യനും വാസ്തവമായിതീരുകയുള്ളു. ഒട്ടേറെ ജീവിതവ്യാപാരങ്ങളുടെ ഇടയിൽ അദ്ധ്യാപനവും നടത്തിപോരേണ്ടുന്ന നിലയിൽ പഴയ ഗുരു ശിഷ്യബന്ധം ഒരു സ്വപ്നം മാത്രമാണ്”. നിത്യചൈതന്യയതിയുടെ ഈ വാക്കുകൾ ഇന്നത്തെ അദ്ധ്യാപക-വിദ്യാർത്ഥിബന്ധം എത്രമാത്രം അറ്റുപൊയ്കൊണ്ടിരിക്കുകയാണ് എന്നതിന്റെ ഒരു സജീവ ചിത്രം വരച്ചുകാട്ടുന്നു.

“ഇന്ന് അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിൽ ഒരു ബന്ധവുമില്ല, ഒന്നോ രണ്ടോ നല്ല അദ്ധ്യാപകർ മാത്രം അപവാദം”. കെ. കുഞ്ഞികൃഷ്ണൻ പറഞ്ഞു. വ്യക്തിയുടെ വളർച്ചയ്ക്ക് അദ്ധ്യാപകനുള്ള പങ്ക് പരിമിതമാണ്. അദ്ധ്യാപകൻ അത് വഹിച്ചിട്ടില്ലെങ്കിലും വ്യക്തിത്വവികസനം തടസ്സപ്പെടില്ലെന്ന് കരുതുന്നവരുടെ കൂട്ടത്തിലാണ് പ്രൊഫസർ ജലീൽ. “സാഹചര്യങ്ങളുടെ മേന്മകൊണ്ടും മറ്റുള്ളവരോടുള്ള സമ്പർക്കം കൊണ്ടുമാണ് വ്യക്തി വളരേണ്ടുന്നത്. വളരേ ഉന്നതവ്യക്തികളുമായിട്ടുള്ള സമ്പർക്കം വ്യക്തിത്വവികസനത്തിന് വളരെ സഹായം ചെയ്യും.” അദ്ധ്യാപകന്റെ ആവശ്യമില്ല എന്നതിനൊപ്പം തന്നെ ഉന്നത വ്യക്തിത്വം ഉള്ള അദ്ധ്യാപകരുമായി ഇടപഴകാൻ സാധിക്കുന്നത് ഒരു ഭാഗ്യമാണെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തുന്നു.

സ്നേഹപ്രഭ ഇന്നത്തെ അദ്ധ്യാപക വിദ്യാർത്ഥി ബന്ധം കുറെകൂടി ഗാഢമാകേണ്ടതുണ്ട് എന്ന അഭിപ്രായക്കാരി

യാണ്. ട്യൂട്ടോറിയൽ സംവിധാനം വേണമെന്ന് യു.ജി.സി. അനുശാസിക്കുന്നുണ്ട്. അദ്ധ്യാപകന്, വിദ്യാർത്ഥികളിൽ നല്ലൊരു പരിധിവരെ സ്വാധീനം ചെലുത്താൻ സാധിക്കും. ഒരു വിദ്യാർത്ഥിയുടെ ജീവിതരീതി രൂപപ്പെടുത്തിയെടുക്കുന്നതിലും അദ്ധ്യാപകന് അറിയാതെതന്നെ സ്വാധീനം ചെലുത്താനാകും. ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്കൊന്നും ഒരിക്കലും അദ്ധ്യാപകൻെറ പങ്കിനെ കുറയ്ക്കാനാവില്ല. കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ കണ്ടെത്താൻ അദ്ധ്യാപകൻ താൽപര്യം എടുക്കണം. കുട്ടികളുടെ മാനസ്സികമായ വളർച്ചയെ സ്വാധീനിക്കുന്ന ഘടകങ്ങളായ സംഘം ചേർന്നുള്ള പ്രവർത്തനപരിപാടികൾ, കലോത്സവം തുടങ്ങിയവ അദ്ധ്യാപകന് വിദ്യാർത്ഥിയെ അടുത്തറിയാനുള്ള വേദികളാണ് എന്നാൽ ആരും ഇതൊന്നും ഉപയോഗപ്പെടുത്തുന്നില്ല." സ്നേഹപ്രഭ അറിയിക്കുന്നു.

ഇന്ന് സാമൂഹികബന്ധങ്ങൾ തന്നെ മാറിക്കൊണ്ടിരിക്കുകയാണ്. രക്ഷിതാക്കളും - മക്കളുമായുള്ള ബന്ധംപോലും മാറുന്നുണ്ട്. ഇതിനെ നിശിതമായി വിമർശിക്കുകയാണ് ഡോ. ജെ. ബേബി. ഡി.പി.ഇ.പി പോലുള്ള പുതിയ പരീക്ഷണങ്ങളെ ഇദ്ദേഹം സ്വാഗതം ചെയ്യുന്നു. ശ്രുതിക്ക് പറയുള്ളത്, അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം കുറയാനുള്ള കാരണം പ്രതികൂലമായ സാഹചര്യങ്ങളാണെന്നാണ്. "വിദ്യാർത്ഥിയെ ശരിയായി മനസ്സിലാക്കി പഠിപ്പിക്കാൻ ഇന്നത്തെ അദ്ധ്യാപകർക്ക് പ്രയാസമാണ്. ദൈനംദിനജീവിതത്തിലെ തിരക്കുകളും പ്രവൃത്തിഭാരവും ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണവും ഓരോ വിദ്യാർത്ഥിയേയും ശ്രദ്ധിക്കാൻ അദ്ധ്യാപകരെ അനുവദിക്കുന്നില്ല". ഈ അഭിപ്രായംതന്നെയാണ് ഗോപാലകൃഷ്ണനും വിജയലക്ഷ്മിക്കും ഉള്ളത്. ഓരോ വിദ്യാർത്ഥിയുടേയും കഴിവുകളും കഴിവില്ലായ്മകളും തൊട്ടറിയാൻ പറ്റിയതല്ല നമ്മുടെ ക്ലാസ് മുറികൾ. അവിടെ ആൾത്തിരക്കാണ്. പ്രൈമറിപ്പള്ളിക്കൂടവും കോളേജും എല്ലാം ഈ കാര്യത്തിൽ സമമാണ് എന്നാണ് ഇവരുടെ അഭിപ്രായം. ഈ സ്ഥിതിക്ക് മാറ്റം വരാൻ ഒരു ബദൽ സംവിധാനം അവർ നിർദ്ദേശിക്കുന്നു: "വിദ്യാലയ സാമ്രാജ്യങ്ങൾ ചെറുതാക്കണം. ഓരോ വിദ്യാർത്ഥിയേയും അടുത്തറിയത്തക്കവിധം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ക്രമപ്പെടുത്തണം. സാമ്പത്തിക ബുദ്ധിമുട്ടുകളും, സാങ്കേതിക പ്രശ്നങ്ങളും പറഞ്ഞ് ഒഴിഞ്ഞുമാറാൻ നോക്കേണ്ടതില്ല. ഭരണാധികാരികൾക്ക് പൊങ്ങച്ചം കാട്ടാനും അയൽക്കാരെ വിരട്ടാനും നമുക്കു പണം കണ്ടെത്താനുണ്ടെങ്കിൽ നാളത്തെ തലമുറയുടെ ഭാവി രൂപപ്പെടുത്താനും പണം കണ്ടെത്തിയേ പറ്റൂ" അവർ പ്രതികരിക്കുന്നു.



## ഒരുടച്ചുവാർക്കൽ എന്ന്?

ഉത്തരവാദിത്വബോധമുള്ള ഓരോ വ്യക്തിയും വിദ്യാഭ്യാസപ്രശ്നങ്ങളെകുറിച്ച് ഗൗരവമായി ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പ്രശാന്ത മായ വിദ്യാലയാന്ത രീക്ഷം, ഇന്ന് വിദ്യാർത്ഥികൾക്ക് അന്യം നിൽക്കുകയാണ്. ഞെങ്ങിഞെരുങ്ങി ശ്വാസംമുട്ടുന്ന മുറികളിൽ, കറവപ്പശുക്കളുടെ അവസ്ഥയിലാണ് വിദ്യാർത്ഥികൾ. സ്വന്തമായി ചിന്തിക്കാനോ, തീരുമാനമെടുക്കാനോ, സ്വാതന്ത്ര്യവും അവസരവും ലഭിക്കാതെ രക്ഷിതാക്കളുടേയും അദ്ധ്യാപകരുടേയും വാക്കുകൾക്കൊത്ത് ചലിക്കുന്ന ചിന്തശേഷി നഷ്ടപ്പെട്ട ഒരു പുതിയ തലമുറയല്ലേ ഇന്ന് നമുക്കു മുമ്പിൽ ഉള്ളത്. പഠനസമ്പ്രദായത്തിന് ഒരു പുനർക്രമീകരണം ആവശ്യമാണ് എന്ന നിലപാട് ഇന്ന് സർവത്ര എല്ലാവരും അംഗീകരിച്ചിരിക്കുന്നു. എന്നാൽ പൂച്ചയ്ക്ക് ആര് മണികെട്ടും? സമഗ്രമായ ഈ പ്രക്രിയക്ക് ഉതകുന്നവരുടെ കൈകളിൽ ഇത് ഏൽപ്പിച്ചുകൊടുക്കാത്തിടത്തോളം, ഉടച്ചുവാർക്കാത്തിടത്തോളം കാലം പ്രതീക്ഷയ്ക്ക് വകയില്ല. വിദ്യാഭ്യാസമെന്നത് സ്ഥാപനവൽക്കരിക്കപ്പെട്ടതും വ്യത്യസ്തമായ ധർമ്മങ്ങളോടെ വികസിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു മേഖലയാണ്. ഈ കാര്യങ്ങളെക്കുറിച്ച് ഗൗരവകരമായ ഒരു പഠനത്തിന്, ദൂരവ്യാപകമായ ഉൾകാഴ്ചയോടെ നാം ഇനിയും സമീപിച്ചിട്ടില്ല എന്നതു പരിതാപകരമായ സത്യമാണ്. വിദ്യാഭ്യാസത്തെകുറിച്ചുള്ള ശാസ്ത്രീയമായ പഠനം, അന്വേഷണം, തീർച്ചയായും അതിനെകുറിച്ച് കുടുതൽ അർത്ഥവ്യാപ്തിയോടെ മനസ്സിലാക്കാനും, മുഴുവൻ സാമൂഹ്യവ്യവസ്ഥിതിയോട് ഇത് എത്രമാത്രം ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു എന്നറിയുവാനും സഹായിക്കാതിരിക്കില്ല. സ്ഥാപനവൽക്കരിക്കപ്പെട്ട വിദ്യാഭ്യാസസമ്പ്രദായം ഉടച്ചുവാർക്കുക എന്നത് പ്രയാസകരമാണ് എന്ന് പറഞ്ഞ് നമുക്ക് ഈ കർമ്മപരിപാടിയിൽ നിന്നും മാറിനില്ക്കുവാൻ സാധിക്കുമോ? വരുംതലമുറയിൽ തല്പരരായവർക്കെങ്കിലും ഇത് ഭുഷണമോ?



# റ്റോമോ വിസ്മയ വിദ്യാലയം

*ജപ്പാനിൽ ടോക്കിയോക്കടുത്ത് 1937 മുതൽ 1945 വരെ സൊസാക്കു കൊബായാഷി നടത്തിയ റ്റോമോ എന്ന വിദ്യാലയത്തെക്കുറിച്ചുള്ള ഓർമ്മകളാണ് 'ടോട്ടോ-ചാൻ' എന്ന കൃതി. തെത്സുകോ കുറോയാനഗി ആയിരത്തി തൊള്ളായിരത്തി എൺപത്തൊന്നിൽ പ്രസിദ്ധീകരിച്ച ഈ ഓർമ്മക്കുറിപ്പുകൾ ജാപ്പാനീസ് ഭാഷയിലിറങ്ങിയ എക്കാലത്തെയും ബെസ്റ്റ് സെല്ലുകളിലൊന്നാണ്. ലോകത്തിലെ വിവിധ ഭാഷകളിലെല്ലാം ഈ വിസ്മയ വിദ്യാലയത്തെക്കുറിച്ചുള്ള ഓർമ്മ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരിക്കുന്നു. അറുപത് ലക്ഷത്തിലധികം പ്രതികളാണ് നാലു വർഷം കൊണ്ട് ജപ്പാനിൽ തന്നെ വിറ്റഴിഞ്ഞത്. ഈ വിൽപനയും വിദ്യാലയം പോലെ ഒരത്ഭുതമായി.*

*കൊബായാഷി എന്ന മഹാനായ അദ്ധ്യാപകൻെറ സ്വപ്ന സാക്ഷാത്ക്കാരമായിരുന്നു റ്റോമോ. നൈസർഗികതയ്ക്ക് പ്രാധാന്യം കൊടുത്ത ഈ വിദ്യാലയത്തെക്കുറിച്ചുള്ള ചില സ്മരണകൾ ടോട്ടോ ചാനിൽ നിന്ന്:*

ഏറ്റവും വിചിത്രം റ്റോമോയിലെ പാഠങ്ങളായിരുന്നു.

സാധാരണ ഗതിയിൽ സ്ക്കൂളിൽ കൃത്യമായ ടൈംറ്റേബിൾ ഉണ്ടായിരിക്കുമല്ലോ. റ്റോമോയിലെ രീതി തികച്ചും വ്യത്യസ്തമാണ്. ഓരോ ദിവസവും പഠിക്കേണ്ട വിഷയങ്ങളുടെ മുഴുവൻ പാഠഭാഗങ്ങളും ചോദ്യങ്ങളും അന്നന്ന് ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ തന്നെ ടീച്ചർ തയ്യാറാക്കും. ശേഷം ഇപ്രകാരം പറയും: "ഇനി ഓരോരുത്തരും ഇഷ്ടമുള്ള വിഷയങ്ങളിൽ നിന്ന് തുടങ്ങിക്കോളൂ."

ഏത് വിഷയത്തിൽ നിന്ന് തുടങ്ങുന്നു എന്നത് പ്രശ്നമല്ല. ഒരാൾക്ക് ഭാഷയിൽ നിന്ന് തുടങ്ങാം. മറ്റൊരാൾക്ക് കണക്കിൽ നിന്നാകാം തുടക്കം. ഇനിയൊരാൾക്ക് മറ്റേതെങ്കിലും വിഷയമാകാം. ഒരു ഉപന്യാസപ്രേമി കാര്യഗൗരവത്തോടെ തൻെറ രചനയിലേർപ്പെട്ടിരിക്കുമ്പോൾ തൊട്ടുപിന്നിലിരിക്കുന്ന ഒരു ശാസ്ത്ര വിദഗ്ധൻ രാസപദാർത്ഥങ്ങളടങ്ങിയ ഒരു ഫ്ളാസ്ക്ക് ആൽക്കഹോൾ ബർണറിന് മുകളിൽ വെച്ച് തിളപ്പിക്കുകയായിരിക്കും.

ഈ അധ്യയന രീതി, കുട്ടികൾ മുതിർന്ന ക്ലാസ്സുകളിലെത്തും തോറും അവരെ അടുത്തുനിന്ന് അവരുടെ സഹജമായ താൽപര്യം എന്തിനോടാണ് എന്ന് മനസ്സിലാക്കാൻ അദ്ധ്യാപകർക്ക് സഹായകരമായി. കുട്ടികൾക്കാണെങ്കിൽ തങ്ങളുടെ പ്രിയപ്പെട്ട വിഷയങ്ങളിൽ നിന്ന് തുടങ്ങുക ആഹ്ലാദകരമായിരുന്നു. ഇഷ്ടമില്ലാത്ത വിഷയങ്ങളുമായുള്ള നീണ്ടുനിൽക്കുന്ന മൽപിടുത്തം ഫലത്തിൽ ആ വിഷയങ്ങൾ എങ്ങനെയങ്കിലും സഹിക്കുന്ന അവസ്ഥയിലേക്ക് കുട്ടികളെകൊണ്ടു ചെന്നെത്തിക്കുമെന്നതാണ് പരമാർത്ഥം. അതുകൊണ്ട് ഒട്ടുമുക്കാലും സ്വതന്ത്രമായ ഒരു പഠനശൈലിയാണ് റ്റോമോയിൽ നടപ്പാക്കിയിരുന്നത്. പഠനം എന്ന വാക്കിനെ അന്വർത്ഥമാക്കുന്ന ഒരു ശൈലിയാണ് അവിടെ. അദ്ധ്യാപകൻെറ നീണ്ട പ്രസംഗമോ തലകീറുന്ന വിശദീകരണങ്ങളോ ഇല്ല. അശ്രദ്ധനായി അങ്ങുമിങ്ങും നോക്കിയിരിക്കുന്ന വിദ്യാർത്ഥിയില്ല.

**ഏറ്റവും പഴകിയ വസ്ത്രങ്ങൾ**

''കുട്ടികളെ ഏറ്റവും പഴകിയ വസ്ത്രങ്ങളണിയിച്ച് സ്കൂളിലേയ്ക്കയച്ചാൽ മതി!'' മാസ്റ്റർ രക്ഷാകർത്താക്കളോട് പറയുന്നു: ഏറ്റവും മോശപ്പെട്ട വസ്ത്രങ്ങളാകുമ്പോൾ ചളി പുരളുകയോ കീറുകയോ ഒക്കെയാകാം. വസ്ത്രങ്ങളിൽ അഴുക്കുപുരണ്ടാൽ ശകാരം കേൾക്കേണ്ടി വരുമെന്ന് കുട്ടികൾ ഭയക്കുന്നു. വസ്ത്രങ്ങൾ കീറുമോ എന്ന് ശങ്കിച്ച് കളികളിൽ പങ്കെടുക്കാൻ അവർ അറയ്ക്കുന്നു. ഇത് ആരോഗ്യകരമല്ലെന്ന് മാസ്റ്റർ മനസ്സിലാക്കി. റ്റോമോയ്ക്കടുത്തായി എലിമെൻററി സ്ക്കൂളുകളുണ്ട്. പെൺകുട്ടികൾക്ക് നേവികളർ യൂണിഫോമും, ആൺകുട്ടികൾക്ക് നെടുങ്കൻ കോളറുള്ള ജാക്കറ്റും, നിക്കറുമൊക്കെയാണ് അവിടങ്ങളിൽ വേഷം. റ്റോമോ വിദ്യാർത്ഥികൾ തങ്ങളുടെ സാധാരണ വസ്ത്രങ്ങളേ ഉപയോഗിച്ചിരുന്നുള്ളൂ. മാത്രമല്ല, ഉടയാടകളെക്കുറിച്ച് വിഷമിക്കാതെ തോന്നിയപാട് കുത്തിമറിഞ്ഞ് കളിക്കാനും അദ്ധ്യാപകർ അവർക്ക് അനുവാദം കൊടുത്തിരുന്നു. അക്കാലത്തെ ട്രൗസറുകൾ ഇന്നത്തെ ജീൻസുകൾ പോലെ ഈടുറ്റവയായിരുന്നില്ല. റ്റോമോയിലെ ആൺകുട്ടികളുടെ ട്രൗസറുകൾ നിറയെ അവിടവിടെ തുന്നലുകൾ കാണാം. പെൺകുട്ടികളുടെ പാവാടയും മറ്റും കിട്ടാവുന്നതിലേറെയും കട്ടിയുള്ള തുണിത്തരങ്ങൾ കൊണ്ടുള്ളവയായിരുന്നു.

എം. താഹിർ

# ഉന്നത വിദ്യാഭ്യാസ രംഗം



ഭാരതം അതിൻെറ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയതിൻെറ അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ, ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ നേട്ടങ്ങളും, കോട്ടങ്ങളും സമചിത്തതയോടെ വിലയിരുത്തപ്പെടേണ്ടതാണ്. ഒരു രാജ്യത്തിൻെറ സാമൂഹിക-സാമ്പത്തിക വ്യവസ്ഥയുടെ ഭാഗമായി മാത്രമേ ഉന്നതവിദ്യാഭ്യാസത്തെയും കാണാൻ സാധിക്കൂ. ഒരു വിഷയം സാമാന്യം ആഴത്തിൽ പഠിക്കുകയും അതിൽ പ്രത്യേക വിഭാഗങ്ങളിൽ കഴിവ് നേടുകയും, തനതായ ബൗദ്ധിക നേട്ടങ്ങളിലൂടെ, നിർഭയരായി ചോദ്യങ്ങൾ ഉന്നയിക്കാനും, സമൂഹത്തിന് പുതിയ ദിശാബോധം നൽകാനും ഒക്കെ ഉന്നത വിദ്യാഭ്യാസം നേടുന്നവർക്ക് കഴിയണം. നല്ല നിലവാരമുള്ള പ്രൊഫഷണലുകളും, ഗവേഷകരും, ഭരണ വിദഗ്ദരും നമുക്കുണ്ടാകണം. ഈ ലക്ഷ്യങ്ങൾ നേടാൻ പോന്ന തരത്തിൽ കേരളത്തിൻെറ ഉന്നത വിദ്യാഭ്യാസരംഗത്ത് എന്തെങ്കിലും നടക്കുന്നുണ്ടോയെന്ന് നമുക്കൊന്ന് പരിശോധിക്കാം.

19-ാം നൂറ്റാണ്ടിൻെറ അന്ത്യദശകങ്ങളിൽ നടന്ന കേരളീയ നവോത്ഥാനം, ശക്തമായ സാമൂഹിക പരിവർത്തനങ്ങൾക്കും, വിദ്യാഭ്യാസ പുരോഗതിക്കും കാരണമായി. സ്വാതന്ത്ര്യലബ്ധിയോടെ കേരളത്തിലും ഉന്നത വിദ്യാഭ്യാസത്തിന് പുത്തനുണർവുണ്ടായി. അദ്ധ്യയന സമ്പ്രദായങ്ങളിലും, പരീക്ഷാ രീതികളിലും കൊളോണിയൽ രീതി തന്നെ തുടർന്നെങ്കിലും, മാർക്ക് നേടുന്നതോടൊപ്പം, ഇഷ്ടപ്പെട്ട് പഠിക്കുന്ന വിഷയങ്ങളോട് നീതി കാണിക്കാൻ ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും കഴിഞ്ഞിരുന്നു. സേവന-വേതന പ്രശ്നങ്ങൾ വേണ്ടുവോളമുണ്ടായിട്ടും പ്രതിബദ്ധതയുള്ള ഒരു അധ്യാപക സമൂഹം നമുക്കുണ്ടായിരുന്നു. പ്രഗത്ഭരായ എത്രയോ അധ്യാപകരുടെ പേരുകൾ നിരത്താൻ സാധിക്കും. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഭൗതികമായി നാം ഏറെ മുന്നോട്ടു പോയി. എന്നാൽ ഏതാനും സംവത്സരങ്ങളായി ഈ രംഗം മോശമായ ആസൂത്രണത്തിൻെറയും, ദീർഘവീക്ഷണമില്ലായ്മയുടെയും നല്ലൊരു ഉദാഹരണമായിക്കഴിഞ്ഞിരിക്കുന്നു.

കേരളത്തിലെ കോളേജധ്യാപകർ ഉറ്റ് നോക്കുന്ന രണ്ട് പ്രധാന കാര്യങ്ങൾ

1. മനുഷ്യവിഭവ വികസന മന്ത്രാലയത്തിൽ, എത്തിയിരിക്കുന്ന റസ്തോഗി കമ്മീഷൻ റിപ്പോർട്ട് അപാകതകൾ നീക്കി നടപ്പാക്കിയെടുക്കുക.
2. പ്രീഡിഗ്രി കോഴ്സുകൾ കോളേജുകളിൽ നിന്ന് മാറ്റപ്പെടുമ്പോൾ, അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കപ്പെട്ടുകൊണ്ട് അവരെ കോളേജുകളിൽ തന്നെ നിലനിർത്തുക.

ഇവ രണ്ടിനും പശ്ചാത്തലമായി വർത്തിക്കുന്നത് 1991-ൽ മെഹ്ഗോത്ര കമ്മീഷൻ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി, കേരളത്തിൽ നീണ്ട് നിന്ന പ്രക്ഷോഭ പരിപാടികളുടെ പരിണതഫലമായി നടപ്പാക്കപ്പെട്ട U.G.C. പദ്ധതിയാണ്. പദ്ധതി നടപ്പിലാക്കിയപ്പോൾ സംഭവിച്ച ചില അപാകതകൾ ഉയർത്തിയ പ്രശ്നങ്ങൾ ഇനിയും അവസാനിച്ചെന്ന് പറയാറായിട്ടില്ല.

1991-ൽ യു.ജി.സി. പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പുള്ള ചർച്ചകളിലും, പ്രക്ഷോഭ പരിപാടികളിലും ഉയർത്തിക്കാണിച്ചിരുന്ന ഒരു പ്രധാന കാര്യം, പദ്ധതി നടപ്പാക്കുന്നതോടെ നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് വരാൻ പോകുന്ന ഗുണപരവും, സമഗ്രവുമായ പരിവർത്തനമായിരുന്നു. എന്നാൽ എന്താണ് സംഭവിച്ചത്? പദ്ധതിയുടെ അക്കാദമിക് വശത്തിൽ അധ്യാപകർ തങ്ങൾക്ക് ഗുണപ്രദമായ കാര്യങ്ങളിൽ താല്പര്യം കാണിച്ചു. (ഉദാ

ഹരണം: ഒറിയന്റേഷൻ, റിഫ്രഷർ കോഴ്സുകൾ; പി.എച്ച്.ഡി, എം.ഫിൽ എന്നീ ബിരുദങ്ങൾ) എന്നാൽ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട അക്കാദമിക പരിപാടികൾ (ട്യൂട്ടോറിയൽ സിസ്റ്റം, റെമഡ്യൽ ടീച്ചിങ്ങ് തുടങ്ങിയവ) ഏറെക്കുറെ അവഗണിക്കപ്പെട്ടു. ഇത്തരം പരിപാടികൾ സമാരംഭിക്കാനും, ഒരു പുത്തൻ അക്കാദമിക് സംസ്ക്കാരം നമ്മുടെ കലാലയങ്ങളിൽ യാഥാർത്ഥ്യമാക്കാനും നേതൃത്വം നൽകേണ്ടിയിരുന്ന കേരളത്തിലെ സർവ്വകലാശാലാ വൈസ്ചാൻസലർമാരും, ഉന്നത വിദ്യാഭ്യാസ വകുപ്പും, കോളേജ് പ്രിൻസിപ്പൽമാരും, അമ്പരിപ്പിക്കുന്ന അലംഭാവമാണ് കാട്ടിയത്. ഇതിനെതിരെ പ്രതികരിക്കേണ്ടിയിരുന്ന കേരളത്തിലെ പ്രമുഖ കോളേജധ്യാപക സംഘടനകൾ മൗനം പാലിക്കുന്നതാണ് നാം കാണുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്തെ, പ്രശ്നങ്ങൾ ചർച്ചചെയ്തു നയരേഖ മുമ്പോട്ടു വെച്ച ഒരു പ്രമുഖ സംഘടനക്ക് പ്രായോഗികമായി ഒന്നും ചെയ്യാൻ കഴിയുന്നില്ല.

1991-ൽ നരസിംഹറാവുവിന്റെ സാമ്പത്തിക ഉദാരവൽക്കരണം നടപ്പാക്കി തുടങ്ങിയ സമയത്താണ് കേരളത്തിലെ കോളേജധ്യാപകർക്ക് താരതമ്യേന മെച്ചപ്പെട്ട യു.ജി.സി. ശമ്പള സ്കെയിലുകൾ നൽകപ്പെട്ടത്. ധാരാളം അധ്യാപകർ ഷെയർമാർക്കറ്റ്, റിയൽ എസ്റ്റേറ്റ് മേഖലകളിലേക്കും, ചെറുകിട വ്യവസായ സംരംഭങ്ങളിലേക്കും, സ്വകാര്യ ട്യൂഷനുകളിലേക്കും ശ്രദ്ധതിരിക്കാൻ തുടങ്ങി. പ്രതീക്ഷിക്കപ്പെട്ട ഗുണപരമായ പരിവർത്തനം ഒരു മരീചികയായി തുടരുന്നു. മലയാളി തന്റെ നന്മകൾ ഒന്നൊന്നായി വലിച്ചെറിയുന്ന ഒരു വർത്തമാന സാഹചര്യത്തിൽ നമ്മുടെ സമൂഹത്തിൽ നിന്നു കാര്യമായ പ്രതികരണങ്ങളൊന്നും ഉണ്ടാകുകയില്ല. പിന്നെ ഇത്തരം അപചയങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധങ്ങൾ വരേണ്ടിയിരുന്നത് കേരളത്തിലെ സംഘടിത വിദ്യാർത്ഥി പ്രസ്ഥാനങ്ങളിൽ നിന്നായിരുന്നു. അവർക്കെന്ത് പറ്റിയെന്നുള്ളത് മറ്റൊരു വിഷയമാണ്.

കേരളത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി നിലനിൽക്കുന്ന പ്രൊഫഷണൽ കോളേജുകളിലേക്കുള്ള



പ്രവേശന പരീക്ഷയുടെ രീതി ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. പ്രവേശന പരീക്ഷയുടെ റാങ്ക് മാത്രം പ്രവേശനത്തിന് മാനദണ്ഡമാകുന്ന ഇന്നത്തെ അവസ്ഥയിൽ പ്രീഡിഗ്രി ക്ക് പഠിക്കുന്ന ശാസ്ത്ര വിദ്യാർത്ഥികൾ ഭാഷാ പഠനത്തെ ഗൗരവമായി കാണാതിരിക്കുകയും, ശാസ്ത്രവിഷയങ്ങൾക്ക് 50 ശതമാനം ഒപ്പിക്കുന്നതിനുള്ള കോച്ചിംഗിന് വിധേയമാവുകയുമാണ് ചെയ്യുന്നത്. എൻട്രൻസ് കോച്ചിംഗ് ഒരു വൻവ്യവസായമായി മാറിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിൽ ഈ വർഷം 38,000 കുട്ടികൾ പ്രവേശന പരീക്ഷ എഴുതി. ഇതിൽ ഒരു ചെറിയ വിഭാഗം പ്രൊഫഷണൽ കോളേജുകളിൽ എത്തിപ്പെടുന്നു. മറ്റൊരു വലിയ വിഭാഗം ബിരുദകോഴ്സുകളിൽ ചേരുന്നു. സ്വഭാവികമായി ബിരുദ നിലവാരം താണുകൊണ്ടിരിക്കും.

ഒരു വിഭാഗം അധ്യാപകർ എൻട്രൻസ് കോച്ചിംഗ് കേന്ദ്രങ്ങളിൽ സജീവരാകുന്നു. സ്വകാര്യ ട്യൂഷനെതിരെ സർക്കുലറുകൾ പുറപ്പെടുവിക്കുന്ന സർക്കാരും, പ്രമേയങ്ങൾ പാസ്സാക്കുന്ന അധ്യാപക സംഘടനകളും, ഫലവത്തായ പ്രായോഗിക നടപടികളൊന്നും സ്വീകരിക്കുന്നില്ലെന്ന് എല്ലാവർക്കും അറിയാം. പ്രവേശനപരീക്ഷയുടെ മാർക്കിനും, പ്രീഡിഗ്രിമാർക്കിനും തുല്ല്യപ്രാധാന്യം നൽകണമെന്ന കോഴിക്കോട് സർവ്വകലാശാല അക്കാദമിക് കൗൺസിൽ ചർച്ച ചെയ്തു അംഗീകരിച്ച പ്രമേയം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടതായി ഒരു തെളിവുമില്ല.

പരീക്ഷാസമ്പ്രദായ പരിഷ്കരണത്തെ സംബന്ധിച്ച് നാം ഏറെ പറയുന്നുണ്ടെങ്കിലും ഒന്നും സംഭവിക്കുന്നില്ല. ഇന്നത്തെ സമ്പ്രദായം കാലഹരണപ്പെട്ടുവെന്ന് എല്ലാവരും സമ്മതിക്കും. സിലബസ്സും പുതിയ കോഴ്സുകളും ചർച്ചാവിഷയങ്ങളാണെങ്കിലും നമ്മുടെ വ്യവസ്ഥയിൽ നടത്തേണ്ട സമൂലമായ അഴിച്ചുപണിയെ സംബന്ധിച്ച മൗനം നിലനിൽക്കുന്നു. മാറ്റങ്ങൾക്കു വേണ്ടിയുള്ള കാമ്പയിനുകൾക്ക് നേതൃത്വം നൽകാൻ കഴിയുന്ന സംഘടനകൾക്ക് ഉപരിപ്ലവമായ അക്കാദമിക് താല്പര്യങ്ങളേയുള്ളൂ. 'സ്റ്റാറ്റസ്കോയി'ൽ സുഖം കണ്ടെത്തുന്നവരാണ് ഭൂരിഭാഗം അധ്യാപകരുമെന്ന സത്യം വിസ്മരിക്കുന്നില്ല. പ്രായോഗിക നിർദ്ദേശങ്ങൾക്ക് വേണ്ടിയുള്ള ചർച്ചകൾക്ക് നമ്മുടെ സർവ്വകലാശാലയിലെ ഉത്തരവാദപ്പെട്ട സമിതികൾ മുൻകൈ എടുക്കേണ്ടിയിരിക്കുന്നു. തീർച്ചയായും, നാം ബഹുദൂരം പോകേണ്ടിയിരിക്കുന്നു. ■